## അനുബന്ധം - XX

## പ്രോസ്പെക്ടസിലെ പ്രധാന ക്ലോസുകളുടെ സംക്ഷിപ്ത മലയാള പരിഭാഷ

(ഇംഗ്ലീഷിലുള്ള പ്രോസ്പെക്ടസിലെ ചില പ്രധാന ക്ലോസുകളുടെ പരിഭാഷ മാത്രമാണ് ഇത്. മലയാളം പരിഭാഷയുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനത്തിൽ അഭിപ്രായഭിന്നത ഉണ്ടാകുന്ന പക്ഷം ഇംഗ്ലീഷ് വേർഷൻ ആധികാരികമായി കണക്കാക്കും - ക്ലോസ് 1.2 (b) കാണുക)

**1.4** (a) എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് പ്രവേശന പരീക്ഷയുടെ പേപ്പർ ഒന്നിനും രണ്ടിനും കൂടി ലഭിച്ച മൊത്തം മാർക്കിനും യോഗ്യതാ പരീക്ഷയിൽ അവസാന വർഷം മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ മൊത്തത്തിൽ ലഭിച്ച മാർക്ക്/ഗ്രേഡ് നും 50:50 എന്ന അനുപാതത്തിൽ തുല്യ പരിഗണന നൽകുന്നതായിരിക്കും. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടേയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടേയും മാർക്ക് പരിഗണി ക്കുന്നതാണ്.

യോഗ്യതാ പരീക്ഷയുടെ മാർക്ക്, ക്ലോസ് 9.7.4 (b) ൽ പ്രസ്താവിച്ചിരിക്കുന്ന തരത്തിലുള്ള സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയയ്ക്കു വിധേയമാക്കിയതിനുശേഷമായിരിക്കും പരിഗണിക്കുന്നത്.
(പൂർണ്ണ വിവരങ്ങൾക്ക് ഇംഗ്ലീഷ് വെർഷൻ കാണുക) * * *

**1.4**(c) എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലേയും പ്രവേശനം നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.റ്റി.എ) നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (NEET-UG 2019) ലെ മെരിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

(d) ബി.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ-I (ഫിസിക്സ് & കെമിസ്ട്രി)-ന് ലഭിക്കുന്ന മാർക്ക് ഉപയോഗിച്ച് ക്ലോസ് 9.7.4 (f) പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. * * *

**1.7** സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും സ്വാശ്രയ കോളേജുകളിലെ വിവിധ കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ്, സ്വാശ്രയ കോളേജുകളുമായി ബന്ധപ്പെട്ട് ബഹു: ഇന്ത്യൻ സുപ്രീം കോടതി/ബഹു: കേരള ഹൈക്കോടതി വിധികൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകൾക്കും വിധേയമായിരിക്കും.

### *2 കോഴ്സുകൾ, സ്ഥാപനങ്ങൾ, സീറ്റുകൾ*

### *2.1 സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ സീറ്റുകൾ*

**2.1.1 ഗവണ്മെന്റ് സീറ്റുകൾ :** പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകുന്ന മെരിറ്റ് സീറ്റുകൾ.

(a) **ഗവണ്മെന്റ് സീറ്റുകൾ :** എല്ലാ ഗവണ്മെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിലും ലഭ്യമാണ്.

(b) സർക്കാർ നിയന്ത്രണത്തിലും സ്വകാര്യ നിയന്ത്രണത്തിലുമുള്ള സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകളുടെ ലഭ്യത പ്രത്യേക വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പ്രവേശനം തേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാരും, സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുണ്ടാക്കുന്ന കരാറിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതും, അവർ കരാറിലെ വ്യവസ്ഥകൾ അംഗീകരിച്ചതായി കണക്കാക്കുന്നതുമായിരിക്കും.

**2.1.2 മാനേജ്മെന്റ് സീറ്റുകൾ :** എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജ്മെന്റിന് നീക്കിവച്ചിട്ടുള്ള സീറ്റുകൾ.

**2.2 സ്വാശ്രയ സ്ഥാപനങ്ങളിലുള്ള സീറ്റുകൾ :** സ്വാശ്രയ സ്ഥാപനങ്ങളിലുള്ള വിവിധയിനം സീറ്റുകളെക്കുറിച്ച് പ്രത്യേക വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ്. ബഹു. സുപ്രീം കോടതിയുടെ നം. 267/2017 എന്ന റിട്ട് പെറ്റിഷനിന്മേൽ 09.05.2017 ലെ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയും സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ എല്ലാ സീറ്റുകളിലേയും പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന എകീകൃത കൗൺസലിംഗ് വഴിയായിരിക്കും. ഈ ഏകീകൃത കൗൺസിലിംഗിൽ സ്വാശ്രയ മെഡിക്കൽ/ ഡന്റൽ കോളേജുകളിലെ എൻ.ആർ.ഐ സീറ്റുകളും ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ സീറ്റുകളും ഉൾപ്പെടുന്നതാണ്. * * *

### *4 വിവിധ കോഴ്സുകൾക്കുള്ള സീറ്റ് സംവരണങ്ങൾ :*

**4.1** വിവിധ കോഴ്സുകൾക്ക് ലഭ്യമായ മൊത്തം സീറ്റുകൾ 4.1.1 മുതൽ 4.1.5 വരെയുള്ള ക്ലോസുകളിലെ വിഭാഗങ്ങൾക്കായി സംവരണം ചെയ്യുന്നതാണ്.

### *4.1.1 അഖിലേന്ത്യാ ക്വാട്ട :*

സംസ്ഥാനത്തെ ഗവണ്മെന്റ് മെഡിക്കൽ/ ഡന്റൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിലുള്ള ആകെ സീറ്റുകളിൽ ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസ്, ഗവൺമെന്റ് ഓഫ് ഇന്ത്യ, അലോട്ട്മെന്റ് നടത്തുന്നതിന് മാറ്റിവയ്ക്കപ്പെടുന്ന പതിനഞ്ചു ശതമാനം സീറ്റുകളാണിവ.

***4.1.2 നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്കുള്ള സംവരണം :***

ഇന്ത്യാ ഗവണ്മെന്റോ കേന്ദ്രഭരണ പ്രദേശങ്ങളോ മറ്റു സംസ്ഥാനങ്ങളോ വിവിധ കോഴ്സുകൾക്കു നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്കായി നീക്കിവയ്ക്കപ്പെട്ടിട്ടുള്ള സീറ്റുകൾ. (വിശദവിവരങ്ങൾക്ക് ക്ലോസ് 4.1.11(b), 4.1.12, 4.1.13, 4.1.14, 4.1.15 നോക്കുക.)

***4.1.3 ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം :***

4.1.1, 4.1.2 ക്ലോസ് പ്രകാരമുള്ള സീറ്റുകൾ കഴിച്ച് സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും സംസ്ഥാനത്തിന് അലോട്ടുമെന്റിനായി ലഭിക്കുന്ന സീറ്റുകളുടെ അഞ്ച് ശതമാനം എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലെയും എല്ലാ കോഴ്സുകൾക്കും ശാരീരിക വൈകല്യമുള്ളവർക്കു സംവരണം ചെയ്തിട്ടുണ്ട്. (വിശദവിവരങ്ങൾക്ക് ക്ലോസ് 5.3 കാണുക.)

***4.1.4 പ്രത്യേക സംവരണം :***

നിശ്ചിത വിഭാഗത്തിൽപ്പെട്ടവർക്ക് നിശ്ചിത കോഴ്സുകൾക്ക് സംവരണം ചെയ്യപ്പെട്ട സീറ്റുകളാണിവ. (വിശദവിവരങ്ങൾക്ക്ക്ലോസ് 5.2 നോക്കുക.)

***4.1.5 നിർദ്ദേശാനുസൃത സംവരണം :***

അഖിലേന്ത്യാ ക്വാട്ട, ഇന്ത്യാ ഗവണ്മെന്റ് നോമിനികൾ, പ്രത്യേക സംവരണം, മാനേജ്മെന്റ് ക്വാട്ട, ശാരീരിക വൈകല്യമുള്ളവർ എന്നിവർക്കായി നീക്കിവച്ച സീറ്റുകൾ ഒഴികെ ഓരോ കോഴ്സിനും അവശേഷിക്കുന്ന സീറ്റുകൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള 02.05.1966-ലെ G.O.(P)208/66/Edn. ഉത്തരവിലെയും 06.10.2008-ലെ G.O.(Ms)No.95/08/SCSTDD ഉത്തരവിലേയും, 23.05.2014-ലെ G.O.(Ms)No.10/2014/BCDD ഉത്തരവിലേയും തത്വങ്ങൾക്കനുസൃതമായി വിതരണം ചെയ്യുന്നതാണ്. നിർദ്ദേശാനുസൃത സംവരണം ഇപ്രകാരമാണ്.

| | | | | | |
|---|---|---|---|---|---|
| (A) | **സ്റ്റേറ്റ് മെരിറ്റ് (SM)** | | | - | **60%** |
| (B) | **സാമൂഹികവും വിദ്യാഭ്യാസ പരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)** | | | - | **30%** |
| | (a) ഈഴവ (EZ) | - | 9% | | |
| | (b) മുസ്ലീം (MU) | - | 8% | | |
| | (c) മറ്റു പിന്നോക്ക ഹിന്ദു (BH) | - | 3% | | |
| | (d) ലത്തീൻ കത്തോലിക്കരും ആംഗ്ലോ ഇന്ത്യൻസും (LA) | - | 3% | | |
| | (e) ധീവരയും അവാന്തര വിഭാഗങ്ങളും (DV) | - | 2% | | |
| | (f) വിശ്വകർമ്മയും അവാന്തര വിഭാഗങ്ങളും (VK) | - | 2% | | |
| | (g) കുശവനും അനുബന്ധ സമുദായങ്ങളും (KN) | - | 1% | | |
| | (h) മറ്റു പിന്നോക്ക ക്രിസ്ത്യൻ (BX) | - | 1% | | |
| | (i) കുഡുംബി (KU) | - | 1% | | |
| (C) | **പട്ടിക ജാതികളും പട്ടികവർഗ്ഗങ്ങളും** | | | - | **10%** |
| | (a) പട്ടിക ജാതി (SC) | - | 8% | | |
| | (b) പട്ടികവർഗ്ഗം (ST) | - | 2% | | |

**കുറിപ്പ്:** 1) 23.06.2015 ലെ ജി.ഒ(എം.എസ്) നം. 46/2015/എസ്.സി.എസ്.റ്റി ഡി.ഡി സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ സീറ്റുകളുടെ സംവരണക്രമം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

പട്ടിക ജാതി-70%, പട്ടിക വർഗ്ഗം-2%, പൊതു മെരിറ്റ്-13%, അഖിലേന്ത്യാ ക്വാട്ട-15%.

2) 08.06.2017 ലെ ജി.ഒ(ആർ.റ്റി) നം. 1621/2017/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ സീറ്റുകളുടെ സംവരണക്രമം താഴെപ്പറയുന്ന പ്രകാരമായിരിക്കും.

സംസ്ഥാന ക്വാട്ട-50%, ഇ.എസ്.ഐ കോർപ്പറേഷനിൽ ഇൻഷ്വർ ചെയ്തിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക്-35% (പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതല്ല.), അഖിലേന്ത്യാ ക്വാട്ട-15%

**4.1.6** വിവിധ കോഴ്സുകൾക്ക് ലഭ്യമായ മൊത്തം സീറ്റുകളുടെ എണ്ണം കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമം 2019 (CAP 2019) ആരംഭിക്കുന്നതിനു മുമ്പ് പ്രസിദ്ധീകരിക്കുന്നതാണ്.

**4.1.7** MBBS/BDS കോഴ്സുകളിലെ അഖിലേന്ത്യാ ക്വാട്ടാ, നോമിനികൾ എന്നിവയൊഴികെ എല്ലാ ഗവണ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശനം അതതു റാങ്ക് ലിസ്റ്റിന്റെ/ഇന്റർസേ മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

* * *

## 5. *സംവരണത്തിനുള്ള അവകാശവും ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളും:*

(i) പ്രത്യേക/നിർദ്ദേശാനുസൃത സംവരണ അവകാശം പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ഉന്നയിക്കേണ്ടതും സമർപ്പിക്കേണ്ട രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. അപേക്ഷയിൽ യഥാസ്ഥാനത്ത് അവകാശവാദം രേഖപ്പെടുത്തേണ്ടതാണ്. <u>അപേക്ഷ സമർപ്പിച്ച ശേഷം ഉന്നയിക്കുന്ന അവകാശവാദം തെളിവുകൾ ഹാജരാക്കിയാലും പരിഗണിക്കുന്നതല്ല.</u> അപേക്ഷയിൽ ഒരിക്കൽ അവകാശവാദം ഉന്നയിച്ചു കഴിഞ്ഞാൽ പിന്നീട് ഒരു സാഹചര്യത്തിലും അതു ഭേദഗതി ചെയ്യാൻ അനുവദിക്കുന്നതല്ല.

(ii) പ്രോസ്പെക്ടസിൽ പ്രത്യേകം നിർദ്ദേശിക്കാത്ത പക്ഷം, നിർദ്ദേശാനുസൃതവും പ്രത്യേകവുമായ സംവരണ സീറ്റുകൾ ക്ലോസ് 6.1(i) അനുസരിച്ച് തരംതിരിച്ചിട്ടുള്ള **'കേരളീയർ'** ക്കു മാത്രം അവകാശപ്പെട്ടതായിരിക്കും.

### 5.1 *നോമിനികൾക്കുള്ള സംവരണം:*

MBBS/BDS പ്രവേശനത്തിന് കേന്ദ്ര സർക്കാരിന് നീക്കിവയ്ക്കപ്പെട്ടിട്ടുള്ള സീറ്റുകൾക്ക് അർഹതയുള്ള വിഭാഗങ്ങളുടെയും, ആർക്കാണ് അവർ അപേക്ഷ അയയ്ക്കേണ്ടതെന്നതിന്റെയും, വിവരങ്ങൾ അനുബന്ധം III (3) ൽ നൽകിയിട്ടുണ്ട്. BHMS, BAMS, B.Pharm കോഴ്സുകൾക്ക് നോമിനികളുടെ വിഭാഗത്തിൽ സംവരണത്തിന് അർഹതയുള്ളവരുടെ വിവരം അനുബന്ധം IV(2), V(2), VI(3)(b) എന്നിവയിൽ ലഭ്യമാണ്.

### 5.2 *പ്രത്യേക സംവരണത്തിനുള്ള അവകാശങ്ങൾ:*

(i) **MBBS, BDS, BAMS, BHMS, Agriculture, Veterinary, Foresty and Fisheries കോഴ്സുകളിൽ പ്രത്യേക വിഭാഗങ്ങളുടെ തെരഞ്ഞെടുപ്പ് :**

MBBS,BDS, BAMS, BHMS, Agriculture, Veterinary, Foresty and Fisheries കോഴ്സുകളിൽ പ്രത്യേക സംവരണ വിഭാഗത്തിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് എൻ.റ്റി.എ നടത്തുന്ന NEET-UG 2019 റാങ്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കേണ്ടതും ക്ലോസ് 6–ലെയും , 9.7.5 (ii), 9.7.5 (iii)-ൽ പ്രസ്താവിച്ചിട്ടുള്ള യോഗ്യതകളും ഉണ്ടായിരിക്കേണ്ടതുമാണ്. ഇന്റർ സേ മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനമെങ്കിൽ NEET-UG 2019 ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമേ MBBS, BDS, BAMS, BHMS, Agriculture, Veterinary, Foresty and Fisheries കോഴ്സുകളിലേയ്ക്ക് ഇന്റർ സേ മെരിറ്റ് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുകയുള്ളൂ.

(ii) പ്രത്യേക സംവരണ വിഭാഗങ്ങളുടെ കീഴിൽ പ്രവേശനം തേടുന്ന എല്ലാ അപേക്ഷകരും അതത് പ്രവേശന പരീക്ഷകൾക്ക് ഹാജരാകേണ്ടതും ബന്ധപ്പെട്ട റാങ്ക് ലിസ്റ്റിൽ സ്ഥാനം നേടേണ്ടതുമാണ്. ഇന്റർസേ മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനമെങ്കിൽ ബന്ധപ്പെട്ട റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിരിക്കുന്നവരെ മാത്രമേ, ഇന്റർസേ മെരിറ്റ് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണി ക്കുകയുള്ളു.

(iii) അപേക്ഷകർ ആവശ്യപ്പെടുന്ന പ്രത്യേക സംവരണം ഏതിനത്തിൽപ്പെടുമെന്ന് അപേക്ഷയിൽ നിശ്ചിത കോളത്തിൽ സൂചിപ്പിക്കേണ്ടതും ക്ലോസ് 6 അനുസരിച്ച് അവർക്ക് അർഹതയുണ്ടായിരിക്കേണ്ടതുമാണ്.

(iv) ക്ലോസ് 5.2.1 മുതൽ 5.2.15 വരെയുള്ള അപേക്ഷകർ തങ്ങളുടെ അവകാശവാദം തെളിയിക്കുന്നതിനാവശ്യമായ അസൽ സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(v) ഈ വിഭാഗത്തിൽ 5.2.1 മുതൽ 5.2.14 വരെയുള്ള സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട റാങ്ക് ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. 5.2.15 മുതൽ 5.2.17 വരെയുള്ള സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രസ്തുത ആവശ്യത്തിനുവേണ്ടി തയ്യാറാക്കുന്ന ഇന്റർസേ മെരിറ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. അതത് റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് നിശ്ചിത യോഗ്യത നേടിയവരെ മാത്രമേ ഇന്റർസേ മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

* * *

(vii) സ്വാശ്രയ കോളേജുകളിൽ പ്രത്യേക സംവരണത്തിന് സീറ്റ് ലഭിക്കുകയാണെങ്കിൽ അത് പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതായിരിക്കും. അപ്രകാരം ലഭിക്കുന്ന സീറ്റുകൾ യാതൊരു കാരണവശാലും സർക്കാർ/എയ്ഡഡ് കോളേജുകളിലേക്ക് മാറ്റുകയില്ല. സർക്കാർ/എയ്ഡഡ് കോളേജുകളിലെ പ്രത്യേക സംവരണ സീറ്റുകളുടെ വിശദാംശം അനുബന്ധം **II(2)(a), III(2), IV(2), V(2), VI(3)(a), VII(4)** എന്നിവയിൽ നൽകിയിട്ടുണ്ട്.

* * *

### 5.3 ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം

2016-ലെ 'പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്'-ലെ VI-ാം അദ്ധ്യായം 32-ാം വകുപ്പ് പ്രകാരം എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലെയും എല്ലാ കോഴ്സുകൾക്കും, സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട് ചെയ്യുവാനായി സംസ്ഥാനത്തിന് ലഭിക്കുന്ന സീറ്റുകളുടെ 5 ശതമാനം സീറ്റുകൾ ശാരീരിക വൈകല്യമുള്ളവർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഈ ആക്ടിലെ 1-ാം അദ്ധ്യായം, 2(r) വകുപ്പനുസരിച്ച്, ഒരു മെഡിക്കൽ അതോറിറ്റി, 40 ശതമാനത്തിൽ കുറയാതെയുള്ള നിശ്ചിത വൈകല്യമുള്ളയാൾ എന്നു

സാക്ഷ്യപ്പെടുത്തിയ ഒരാളെ 'ബെഞ്ച്മാർക്ക് ഡിസ്എബിലിറ്റി' എന്ന ഗണത്തിൽപ്പെടുത്തുന്നതാണ്. സാധാരണയായി 40 ശതമാനത്തിൽ കുറയാതെയുള്ള ശാരീരിക വൈകല്യമുള്ള ആൾക്കാണ് ഈ ക്വാട്ടയിൽ അപേക്ഷിക്കാൻ അർഹതയുള്ളത്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശമായിരിക്കും ബി.എച്ച്.എം.എസ്. ഒഴികെയുള്ള മെഡിക്കൽ കോഴ്സുകൾക്ക്, ശാരീരിക വൈകല്യമുള്ളവരുടെ യോഗ്യത നിശ്ചയിക്കാൻ പരിഗണിക്കുന്നത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ കരട് രേഖയിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും ശാരീരിക വൈകല്യമുള്ളവർക്കു പരിഗണന ലഭിക്കുന്നത്. എം.സി.ഐ-യുടെ കരട് വിജ്ഞാപനത്തിൽ മാറ്റം വരുന്ന മുറയ്ക്ക് നിലവിലെ വ്യവസ്ഥകൾക്ക് മാറ്റം വരുന്നതായിരിക്കും (ക്ലോസ് 5.3 കാണുക). മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ അഭാവത്തിൽ പ്രസ്തുത സീറ്റുകളിൽ ജനറൽ വിഭാഗത്തെ പരിഗണിക്കുന്നതാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി മെഡിസിൻ മാർഗ്ഗരേഖയനുസരിച്ച് കാഴ്ച വൈകല്യമോ (കളർ ബ്ലൈൻഡ്നെസ്സ് ഉൾപ്പെടെ), ശ്രവണവൈകല്യം അഥവാ സംസാരശേഷിയില്ലായ്മ അഥവാ രണ്ടും ഉള്ളവർക്ക് ബി.എച്ച്.എം.എസ്. കോഴ്സിന് അർഹതയുണ്ടായിരിക്കില്ല.

**MBBS / BDS / BAMS / BHMS / BVSc & AH/B.Sc (Hons) Agri./BF.Sc(Fisheries)/B.Pharm/Engineering/Architecture** എന്നീ കോഴ്സുകൾക്ക് ഈ സംവരണ ആനുകൂല്യത്തിന് അവകാശം ഉന്നയിക്കാൻ, ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ ശാരീരിക വൈകല്യത്തിന്റെ തോത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡിന് മുന്നിൽ ഹാജരാക്കിയാൽ മതിയാകും. മറ്റൊരു തരത്തിലുള്ള സർട്ടിഫിക്കറ്റുകളും ഈ ആനുകൂല്യം അനുവദിക്കാൻ പരിഗണിക്കില്ല. ഈ ക്വാട്ടയിൽ അപേക്ഷിക്കുന്നവരുടെ മെരിറ്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുകയും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ, ജനറൽ മെഡിസിൻ, ഇ.എൻ.റ്റി., ന്യൂറോളജി, ഓർത്തോപീഡിക് സർജറി, ഒഫ്ത്താൽമോളജി, സൈക്യാട്രി, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളിലെ മെഡിക്കൽ വിദഗ്ദ്ധരടങ്ങുന്ന ഒരു സംസ്ഥാനതല സമിതി, ഓരോ കോഴ്സിനുമുള്ള ഈ അപേക്ഷകരുടെ യോഗ്യത പരിശോധിക്കും. ജില്ലാ മെഡിക്കൽ ബോർഡുകൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ പുന:പരിശോധിക്കാനുള്ള അധികാരം ഈ സംസ്ഥാനതല സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്. <u>മേൽപറഞ്ഞ സമിതിയിൽ മെഡിക്കൽ വിദഗ്ദ്ധരെ കൂടാതെ മെഡിക്കൽ/അഗ്രിക്കൾച്ചർ/ഫോറസ്ട്രി/വെറ്ററിനറി/ഫിഷറീസ്/ എഞ്ചിനീയറിംഗ്/ഫാർമസി മേഖലയിലുള്ള പ്രത്യേക ക്ഷണിതാക്കളെയും ഉൾപ്പെടുത്തി, അതതു കോഴ്സുകളിലേക്കുള്ള അപേക്ഷകന്റെ ശാരീരികക്ഷമതയും അനുയോജ്യതയും നിർണ്ണയിക്കും.</u> ശാരീരിക യോഗ്യതയുള്ളവർക്കു മാത്രമേ ഒരു പ്രൊഫഷണൽ കോഴ്സിൽ പഠിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ഈ സമിതി അനുയോജ്യരെന്നു നിർദ്ദേശിക്കുന്നവരെ മാത്രമേ ഒരു കോഴ്സിലേക്ക് പരിഗണിക്കുകയുള്ളൂ. ഈ സമിതിയുടെ തീരുമാനം അംഗീകരിക്കാൻ വിദ്യാർത്ഥിക്ക് ബാദ്ധ്യതയുണ്ട്. ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളെ ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ പ്രവേശന പരീക്ഷയിലെ മികവും ശാരീരിക യോഗ്യതയുമായിരിക്കും പരിഗണിക്കുക. മറിച്ച് അംഗവൈകല്യത്തിന്റെ തോതായിരിക്കില്ല മാനദണ്ഡം.

**കുറിപ്പ്:-** ഇത്തരം അപേക്ഷകർ MBBS/BDS, BAMS, BHMS, Agriculture, Veterinary, Foresty and Fisheries കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് പരിഗണിക്കാൻ NEET-UG **2019** പ്രവേശന പരീക്ഷയിൽ **NEET-UG** 2019 വിജ്ഞാപനപ്രകാരമുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം(ക്ലോസ് 9.7.5 (ii), 9.7.5 (iii) പ്രകാരം).

### 5.4 നിർദ്ദേശാനുസൃത സംവരണത്തിനുള്ള *അവകാശം*

#### 5.4.1 സ്റ്റേറ്റ് മെരിറ്റ് (SM)

അപേക്ഷകൻ ഉൾപ്പെടുന്ന വിഭാഗമോ സമുദായമോ ഏതായാലും, സ്റ്റേറ്റ് മെരിറ്റിലുള്ള സീറ്റുകളിലേക്ക് സംസ്ഥാനാടിസ്ഥാനത്തിലുള്ള മെരിറ്റു മാത്രം ആധാരമാക്കിയാണ് അലോട്ട്മെന്റ് നടത്തുന്നത്.

#### *5.4.2 സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള (Socially and Educationally Backward Classes (SEBC)) സാമുദായിക സംവരണം.*

കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ട 02.05.1966 ലെ G.O.(P)208/66/Edn. ഉത്തരവിന്റെയും കാലാകാലങ്ങളിൽ ഇവയിലുള്ള ഭേദഗതികളുടേയും 06.10.2008 ലെ G.O.(Ms)No.95/08/SCSTDD, 23.05.2014-ലെ G.O.(Ms)No.10/2014/BCDD, 01.01.2015-ലെ G.O.(P)No.1/2015/BCDD, 05.01.2015 ലെ G.O.(Ms) 4/2015/H.Edn., 19.01.2015 ലെ G.O.(Ms) 15/2015/H.Edn., 09.04.2018 ലെ G.O.(Ms) 03/2018/ BCDD എന്നീ ഉത്തരവുകളുടെയും അടിസ്ഥാനത്തിലായിരിക്കും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണം അനുവദിക്കുന്നത്.

(a) 02.05.1966 ലെ G.O.(P)208/66/Edn., 23.05.2014-ലെ G.O.(Ms)No.10/2014/BCDD, 01.01.2015-ലെ G.O.(P)No.1/2015/BCDD, 05.01.2015 ലെ G.O.(Ms) 4/2015/H.Edn., 19.01.2015 ലെ G.O.(Ms) 15/2015/H.Edn. എന്നീ ഉത്തരവുകൾ പ്രകാരം സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്. **SEBC**യുടെ കീഴിൽ വരുന്ന ജാതികളുടെയും സമുദായങ്ങളുടെയും പേരുകൾ അനുബന്ധം XI-ൽ ഉണ്ട്. 2019-ലെ പ്രോസ്പെക്ടസിൽ അനുബന്ധമായി

ചേർത്തിട്ടുള്ള പട്ടികയിലുൾപ്പെടുത്തിയ സമുദായങ്ങളിൽപെട്ട അപേക്ഷകരുടെ അവകാശവാദങ്ങൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളു. അനുബന്ധത്തിലുൾപ്പെടാത്ത മറ്റു സമുദായാംഗങ്ങളുടെ അവകാശവാദങ്ങൾ, അവയ്ക്കൊപ്പം ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റു കളുണ്ടായിരുന്നാൽപോലും തിരസ്കരിക്കപ്പെടും.

(b) SEBC ക്വോട്ടയിൽ സംവരണം തേടുന്ന ഈഴവ, മുസ്ലീം, മറ്റു പിന്നോക്ക ഹിന്ദുക്കൾ, ലത്തീൻ കത്തോലിക്കരും ആംഗ്ലോ ഇന്ത്യൻസും, ധീവരയും അവാന്തര വിഭാഗങ്ങളും, വിശ്വകർമ്മയും അവാന്തര വിഭാഗങ്ങളും, കുശവനും അനുബന്ധ സമുദായങ്ങളും, മറ്റു പിന്നോക്ക ക്രിസ്ത്യൻ, കുടുംബി എന്നിവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി നിർബന്ധമായും അപ്‌ലോഡ് ചെയ്യേ താണ്.

(c) അച്ഛനോ അമ്മയോ SEBC വിഭാഗത്തിൽപ്പെടുന്ന ഒരു ജാതിയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയോ,അച്ഛനും അമ്മയും SEBC വിഭാഗത്തിൽപ്പെട്ട വ്യത്യസ്ത ജാതികളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയോ മക്കൾക്ക്, SEBC വിഭാഗത്തിൽ സംവരണത്തിന് അർഹതയുണ്ട്. ഇവർ, വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്.

(d) 20.06.2005 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms)No.25/2005/SCSTDD പ്രകാരം മിശ്രവിവാഹിതരായ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന രക്ഷിതാക്കളുടെ മക്കൾക്ക് തഹസിൽദാർ നൽകുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്കുള്ള എല്ലാ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നതാണ്. റവന്യൂ അധികാരികൾ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ജാതിയുടെ അടിസ്ഥാനത്തിൽ SEBC വിഭാഗങ്ങളിലെ സാമുദായിക സംവരണത്തിന് ഇവർ അർഹരാണെങ്കിൽ, SEBC വിഭാഗത്തിലെ സംവരണം ഇവർക്ക് അനുവദിക്കുന്നതാണ്.

(e) തെറ്റായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന അപേക്ഷാർത്ഥികളുടെ "കാൻഡിഡേച്ചർ/ അലോട്ട്മെന്റ്/അഡ്മിഷൻ" എന്നിവ റദ്ദാക്കപ്പെടാവുന്നതും പ്രസ്തുത അപേക്ഷാർത്ഥികൾ അടുത്ത രണ്ടു വർഷത്തിലധികമല്ലാത്ത കാലയളവിൽ പ്രവേശന പരീക്ഷ എഴുതുന്നതിൽ നിന്നും ഡീബാർ ചെയ്യപ്പെടാവുന്നതുമാണ്.

**5.4.3 പട്ടികജാതി/പട്ടികവർഗ്ഗ ക്വാട്ടയിലെ സംവരണത്തിനുള്ള അവകാശം**

(a) പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റുകളിലേയ്ക്ക് അവകാശം ഉന്നയിക്കുന്ന അപേക്ഷാർത്ഥികൾ, തഹസിൽദാരിൽ നിന്ന് ജാതി/സമുദായ സർട്ടിഫിക്കറ്റ് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്. മിശ്രവിവാഹിതരുടെ കുട്ടികളുടെ പട്ടികജാതി/പട്ടികവർഗ്ഗ അവകാശവാദം 20.06.2005-ലെ G.O.(Ms)No.25/2005/SCSTDD, 20.11.2008 ലെ G.O.(Ms)No.109/08/SCSTDD, ബഹു: കേരള ഹൈക്കോടതി ഫുൾബെഞ്ചിന്റെ 10.08.2005 ലെ റിട്ട് പെറ്റിഷൻ, 2483/2005 ലെയും മറ്റ് ബന്ധപ്പെട്ട കേസുകളിലെയും വിധി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും. ക്രിസ്തു മതത്തിൽ നിന്നും പരിവർത്തനം ചെയ്ത് പിന്നീട് ഹിന്ദുമതം സ്വീകരിച്ചവരും, ജാതി/സമുദായ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്. ഈ സർട്ടിഫിക്കറ്റ് 15.12.1987 ലെ 18421/E2/SCSTDD നമ്പർ സർക്കുലറിലെ മാർഗ്ഗരേഖയനുസരിച്ചാണ് നൽകുന്നത്" എന്ന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ ആ സർട്ടിഫിക്കറ്റിനു താഴെ രേഖപ്പെടുത്തേണ്ടതു മാണ്. പട്ടികജാതി/ പട്ടികവർഗ്ഗ ലിസ്റ്റ് അനുബന്ധം VIII, IX എന്നിവയിൽ നൽകിയിട്ടുണ്ട്.

(b) തഹസിൽദാരിൽ നിന്നും വാങ്ങിയ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റില്ലാത്ത അപേക്ഷകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലെ പ്രവേശനത്തിനായി ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. (25.05.1990 ലെ G.O.(Ms)No.31/90/SCSTDD ഉത്തരവ് പ്രകാരം) അപേക്ഷകൻ/അപേക്ഷക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നു എന്നുതന്നെ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കേണ്ടതാണ്. (അച്ഛനോ അമ്മയോ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെടുന്നു എന്നു മതിയാവില്ല.) സർക്കാർ ഉത്തരവ് (Ms)No.136/07/RD തീയതി 27.04.2007 പ്രകാരം ലഭിച്ചിട്ടുള്ള ജാതി സർട്ടിഫിക്കറ്റുകളും സ്വീകരിക്കുന്നതാണ്. ക്രിസ്തു മതത്തിൽ നിന്നും ഹിന്ദു മതത്തിലേയ്ക്ക് പുന:പരിവർത്തനം ചെയ്തിട്ടുള്ള, മുമ്പ് പട്ടികജാതി വിഭാഗത്തിൽപെട്ടിരുന്നവർ, തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റിനൊപ്പം മതപരിവർത്തനത്തിന്റെ ഗസറ്റ് വിജ്ഞാപനവും ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്.

(c) പട്ടികജാതി/പട്ടികവർഗ്ഗ ക്വാട്ടയിലേക്കുള്ള അവകാശവാദങ്ങൾ, കേരള (പട്ടികജാതി, പട്ടികവർഗ്ഗ) റെഗുലേഷൻ ഓഫ് ഇഷ്യൂ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ആക്ട്, 1996 (1996 ലെ 11-ാം ആക്ട്) ആറാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയതും, 20.04.2002 ലെ G.O.(P)19/2002/SCSTDD ഉത്തരവ് പ്രകാരം രൂപീകരിച്ച സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്കും തീരുമാനത്തിനും വിധേയമായിരിക്കും.

(d) ഒരു സംസ്ഥാനത്ത് നിന്നും മറ്റൊന്നിലേയ്ക്ക് കുടിയേറിയിട്ടുള്ളവരുടെ പട്ടികജാതി/പട്ടികവർഗ്ഗ അവകാശവാദം 12.02.1986 ലെ G.O.(Ms)No.10/86/SCSTDD ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. 1950 ലെ ഭരണഘടന (പട്ടിക ജാതി) ഉത്തരവ്, 1950 ലെ ഭരണഘടന (പട്ടികവർഗ്ഗ)

ഉത്തരവ് എന്നിവ പുറപ്പെടുവിക്കുന്നതിനു മുമ്പ്, ഈ സംസ്ഥാനത്തേക്ക് കുടിയേറിയവരും സാധാരണ ഗതിയിൽ ഈ സംസ്ഥാനത്തു താമസിക്കുന്നവരുമായവർക്കു മാത്രമേ ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ അവകാശപ്പെടാൻ കഴിയുകയുള്ളൂ. ആവശ്യമെങ്കിൽ ഇവർ ഇതു തെളിയിക്കേണ്ടതാണ്.

* * *

(f) **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉപയോഗപ്പെടുത്താത്ത സീറ്റുകളിലേയ്ക്ക് OEC വിഭാഗക്കാർക്കുള്ള അവകാശം** : പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉപയോഗിക്കപ്പെടാതെ പോകുന്ന സീറ്റുകളിലേയ്ക്ക് അവകാശം ഉന്നയിക്കുന്ന OEC അപേക്ഷകർ അപേക്ഷയിൽ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്.

SEBC വിദ്യാർത്ഥികൾക്കനുവദിച്ച മാർക്കിളവ് OEC വിദ്യാർത്ഥികൾക്കും ലഭിക്കും. <u>**OEC സമുദായങ്ങളുടെ പട്ടിക അനുബന്ധം X ൽ നൽകിയിട്ടുണ്ട്.**</u>

(g) **OEC വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസിളവിനുള്ള അവകാശം** : 03.07.2007 ലെ സർക്കാർ ഉത്തരവ് നമ്പർ (Ms)36/07/SCSTDD പ്രകാരം OEC വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ, അവർ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള (ഗവണ്മെന്റ്/ കമ്മ്യൂണിറ്റി ക്വോട്ട) അലോട്ട്മെന്റ് സമയത്ത് ഫീസ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നോൺ-ക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത OEC വിദ്യാർത്ഥികൾ ഫീസ് ആനുകൂല്യം ലഭിക്കുന്നതിനായി വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്താൽ മതിയാകും.

(h) **അനുബന്ധം X (a)-ലെ വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് ഫീസിളവിനുള്ള അവകാശം** : 23.05.2014 ലെ സർക്കാർ ഉത്തരവ് നമ്പർ (Ms)10/2014/BCDD പ്രകാരം അനുബന്ധം X (a)-ൽ ഉൾപ്പെടുന്ന സമുദായങ്ങളിൽ പെട്ട വിദ്യാർത്ഥികളെ, അവർ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ഓൺലൈനായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ, (വാർഷിക കുടുംബ വരുമാന പരിധി 6 ലക്ഷം രൂപ എന്ന നിബന്ധനയ്ക്ക് വിധേയമായി ) പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള (ഗവണ്മെന്റ്/കമ്മ്യൂണിറ്റി ക്വോട്ട) അലോട്ട്മെന്റ് സമയത്ത് ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**5.4.4 ഫീസ് ആനുകൂല്യവും സ്കോളർഷിപ്പുകളും:** SC/ST/OEC ഒഴികെയുള്ള വിദ്യാർത്ഥികൾ (ജനറൽ കാറ്റഗറി ഉൾപ്പെടെ) വാർഷിക കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരോ, കോളേജ് അധികൃതരോ പ്രഖ്യാപിച്ചേക്കാവുന്ന ഫീസ് ആനുകൂല്യങ്ങൾ/സ്കോളർഷിപ്പുകൾ എന്നിവ ലഭിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്.

**കുറിപ്പ്** : <u>**ശമ്പളത്തിൽ നിന്നുള്ള വരുമാനം**</u> : അപേക്ഷകന്റെ മാതാപിതാക്കൾ ശമ്പളം പറ്റുന്നവരാണെങ്കിൽ കുടുംബത്തിന്റെ മൊത്തം വാർഷിക വരുമാനം കണക്കാക്കുന്നതിന് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ഉൾപ്പെടുത്തണം. റവന്യൂ അധികാരികളുടെ ഉത്തരവനുസരിച്ചായിരിക്കും ഇടക്കാലാശ്വാസം വാർഷികവരുമാനത്തിൽ ഉൾപ്പെടുത്തുന്നത്. വീട്ടുവാടക അലവൻസ്, സ്പെഷ്യൽ പേ, ഡെപ്യൂട്ടേഷൻ പേ, യാത്രാബത്ത, സ്ഥിരം യാത്രാബത്ത (PTA), ഓണറേറിയം മുതലായവ വാർഷിക വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.

* * *

### 5.5 *പ്രത്യേക/നിർദ്ദേശാനുസൃത സംവരണത്തെ സംബന്ധിച്ച മറ്റു പൊതു നിയമങ്ങൾ*

**5.5.1** പട്ടികജാതി വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകളിൽ പ്രയോജനപ്പെടുത്താത്ത സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും നേരേ തിരിച്ചും ലഭിക്കുന്നതാണ്.

**5.5.2** പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകർ പ്രയോജനപ്പെടുത്താത്ത സീറ്റുകളിലേക്ക് മറ്റ് അർഹ സമുദായത്തിൽപ്പെട്ട (Other Eligible Community - OEC) അപേക്ഷകരെ തെരഞ്ഞെടുക്കും. അതു കഴിഞ്ഞും മിച്ചമുള്ള സീറ്റുകൾ സ്റ്റേറ്റ് മെരിറ്റിൽ (സംസ്ഥാനാടിസ്ഥാനത്തിൽ) ഉൾപ്പെടുത്തുന്നതാണ്.

**5.5.3** SEBC വിഭാഗത്തിൽ ഒഴിവുവരുന്ന സീറ്റുകൾ സ്റ്റേറ്റ് മെരിറ്റ് സീറ്റുകളിലേക്ക് മാറ്റി അലോട്ട്മെന്റ് നൽകുന്നതാണ്.

**5.5.4** പ്രത്യേക സംവരണ ക്വാട്ടയിലെ ഏതെങ്കിലും സീറ്റിന് ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണ സീറ്റ് ഉൾപ്പെടെ പ്രസ്തുത വിഭാഗത്തിൽപെട്ട അപേക്ഷകരില്ലാതെ വന്നാൽ ആയത് പ്രത്യേകം പരാമർശിക്കാത്ത പക്ഷം നിർദ്ദേശാനുസൃത സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

**5.5.5** എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിൽ അഖിലേന്ത്യാ/നോമിനി ക്വാട്ടയിൽ ഒഴിവ് വരുന്ന സീറ്റുകൾ സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അലോട്ട്മെന്റ് നടത്തുന്നതിനായി വിട്ടുകിട്ടുന്ന പക്ഷം അവ നിർദ്ദേശാനുസൃത സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും പുനർനിർണ്ണയിക്കപ്പെടുന്ന നിർദ്ദേശാനുസൃത സംവരണ സീറ്റുകൾ നിർദ്ദേശാനുസൃത സംവരണ തത്വങ്ങളനുസരിച്ച് പുനർവിതരണം നടത്തുന്നതുമായിരിക്കും. ഈ സീറ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാന സർക്കാർ മുഖേന 31.07.2019 നോ, മുമ്പോ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

**5.5.6** എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ കോഴ്സുകളിൽ കേന്ദ്രഗവണ്മെന്റ് നോമിനി/റസിപ്രോക്കൽ ക്വാട്ട എന്നിവയിൽ 31.07.2019 നുശേഷം നികത്താത്ത സീറ്റുകൾ നിർദ്ദേശാനുസൃത സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതും പുനർനിർണ്ണയിക്കപ്പെടുന്ന നിർദ്ദേശാനുസൃത സംവരണ സീറ്റുകൾ നിർദ്ദേശാനുസൃത സംവരണ തത്വങ്ങളനുസരിച്ച് പുനർവിതരണം നടത്തുന്നതുമായിരിക്കും. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഇത്തരം സീറ്റുകളുടെ വിശദാംശങ്ങൾ 01.08.2019 നോ, മുമ്പോ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

**5.5.7** ICAR/VCI എന്നീ ക്വോട്ടയിൽ ഒഴിവ് വരുന്ന B.VSc. & AH/ B.Sc (Hons.) Agri എന്നീ കോഴ്സുകളിലെ സീറ്റുകൾ സംസ്ഥാനത്തിനു വിട്ടുകിട്ടുമ്പോൾ അവ നിർദ്ദേശാനുസൃത സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും പുനർനിർണയിക്കപ്പെടുന്ന നിർദ്ദേശാനുസൃത സംവരണ സീറ്റുകൾ നിർദ്ദേശാനുസൃത സംവരണ തത്വങ്ങളനുസരിച്ച് പുനർവിതരണം നടത്തുന്നതുമായിരിക്കും. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ/ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ എന്നിവർ ഈ സീറ്റുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ 19.10.2019 നോ, മുമ്പോ പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

*6* ***പ്രവേശന യോഗ്യതയുടെ മാനദണ്ഡങ്ങൾ***

*6.1* ***നേറ്റിവിറ്റി:*** മറിച്ചൊരു നിർദ്ദേശമില്ലെങ്കിൽ ഭാരതീയർക്കു മാത്രമേ പ്രൊഫഷണൽ കോഴ്സിലെ പ്രവേശനത്തിനു അർഹതയുള്ളു. Persons of Indian Origin (PIO)/Overseas Citizenship of India (OCI) കാർഡ് ഉള്ളവരെയും, പ്രവേശനത്തിന്റെ അർഹതയ്ക്കായി ഭാരതീയന് ഒപ്പം പരിഗണിക്കും.

പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനു അപേക്ഷിക്കുന്നവരെ, കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം (NK-I), കേരളീയേതരൻ II-ാം വിഭാഗം (NK-II) എന്നിങ്ങനെ തരംതിരിക്കും.

(i) **കേരളീയൻ** : അപേക്ഷകനോ, മാതാപിതാക്കളിൽ ആരെങ്കിലുമോ കേരളത്തിൽ ജനിച്ചതാണെങ്കിൽ അവരെ കേരളീയനായി കണക്കാക്കും. കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളേയും കേരളീയരായി പരിഗണിക്കും. (G.O.(Rt)No.822/08/H.Edn, dt:29.05.2008). എന്നാൽ ഈ വിദ്യാർത്ഥികൾ സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കോ അർഹരല്ല.

(ii) **കേരളീയേതരൻ I-ാം വിഭാഗം:** കേരളത്തിലല്ല ജനിച്ചതെങ്കിലും താഴെപ്പറയുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് പാലിക്കുന്നുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ കേരളീയേതരൻ 1-ാം വിഭാഗം ആയി കണക്കാക്കുന്നതാണ്.

(a) കേരളത്തിൽ ജോലിക്കു നിയോഗിക്കപ്പെട്ട ഇന്ത്യാ ഗവണ്മെന്റ് ജീവനക്കാരുടെയും പ്രതിരോധ വകുപ്പ് ജീവനക്കാരുടെയും മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

(b) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്നവരുടെ മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

(c) പന്ത്രണ്ട് വർഷത്തെ പഠനകാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിൽ താമസിച്ചിട്ടുള്ള അപേക്ഷകർ

(d) കേരളത്തിലെ സ്കൂളുകളിൽ VIII മുതൽ XII വരെ ക്ലാസ്സുകളിൽ പഠിച്ചിട്ടുള്ള അപേക്ഷകർ

കേരളീയേതരൻ I-ാം വിഭാഗം അപേക്ഷാർത്ഥികളെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ 'സ്റ്റേറ്റ് മെരിറ്റ്' സീറ്റുകളിലേയ്ക്ക് മാത്രമേ പരിഗണിക്കുകയുള്ളു. സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കോ ഇവർക്ക് അർഹതയില്ല.

(iii) **കേരളീയേതരൻ II-ാം വിഭാഗം** : കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നീ വിഭാഗങ്ങളിൽപെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരൻ II-ാം വിഭാഗം ആയി തരംതിരിക്കും. ഇത്തരം അപേക്ഷാർത്ഥികൾക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്കും മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് കേരളീയൻ, കേരളീയേതരൻ I-ാം വിഭാഗം എന്നിവയിൽപ്പെട്ട വിദ്യാർത്ഥികളുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ II-ാം വിഭാഗത്തെ പരിഗണിക്കുകയുള്ളൂ. കൂടാതെ കേരളീയേതരൻ II-ാം വിഭാഗം അപേക്ഷാർത്ഥികൾക്ക് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിലെ ഗവണ്മെന്റ് സീറ്റുകളിലേയ്ക്കും മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ സാമുദായിക/ പ്രത്യേക/ ശാരീരിക അവശത വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കോ ഇവർക്ക് അർഹതയില്ല. കേരളീയേതരൻ II-ാം വിഭാഗം വിദ്യാർത്ഥികൾ സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലെ പരമാവധി 10% സീറ്റുകളിൽ പ്രവേശനത്തിന് അർഹരാണ്. കേരളീയേതരൻ II-ാം വിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്, ബി.ഡി.എസ്

ഉൾപ്പെടെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലും, സർക്കാർ എഞ്ചിനീയറിംഗ്/ഫാർമസി കോളേജുകളിലും പ്രവേശനത്തിന് അർഹതയില്ല.

കുറിപ്പ്: താഴെ പറയുന്ന വിഭാഗങ്ങൾ മുകളിലെ (i), (ii), (iii) വകുപ്പുകളുടെ പരിധിയിൽ ഉൾപ്പെടില്ല.

ഇന്ത്യാ ഗവണ്മെന്റും, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, ജമ്മു-കാശ്മീർ, കേന്ദ്രഭരണ പ്രദേശങ്ങളിലെ ഭരണകൂടങ്ങളും നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്കു വേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകളിൽ പ്രവേശനം നൽകപ്പെടുന്ന അപേക്ഷകർ, എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക്, അഖിലേന്ത്യാ ക്വാട്ട വഴി തെരഞ്ഞെടുക്കപ്പെടുന്നവർ, കർണ്ണാടക, തമിഴ്നാട് ഗവണ്മെന്റുകൾ റെസിപ്രോക്കൽ ക്വോട്ടയിൽ നിർദ്ദേശിക്കപ്പെടുന്നവർ.

**6.1.1** ***നേറ്റിവിറ്റി തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ :***

(a) **കേരളീയൻ:-** ഒരു അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായി പ്രവേശനത്തിനു യോഗ്യത തെളിയിക്കുക എന്ന പരിമിതമായ ലക്ഷ്യം നിറവേറ്റുന്നതിനു താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു രേഖ ഓൺലൈനായി അപ്‌ലോഡ് ചെയ്യേ താണ്.

(i) അപേക്ഷകന്റെ കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന SSLC അഥവ തത്തുല്യമായ സർട്ടിഫിക്കറ്റ്

***അല്ലെങ്കിൽ***

(ii) അപേക്ഷകന്റെ മാതാപിതാക്കളിൽ ആരുടെയെങ്കിലും കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന SSLC സർട്ടിഫിക്കറ്റ്, കുട്ടിയും മാതാവ്/പിതാവ് തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖയും.

***അല്ലെങ്കിൽ***

(iii) അപേക്ഷകന്റെയോ മാതാപിതാക്കളുടെയോ കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന പാസ്പോർട്ടാണ് സമർപ്പിക്കുന്നതെങ്കിൽ, കുട്ടിയും മാതാവ്/പിതാവ് തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖയും.

***അല്ലെങ്കിൽ***

(iv) ജനനം രജിസ്റ്റർ ചെയ്യുവാൻ അധികാരമുള്ള (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന, അപേക്ഷകന്റെയോ, അപേക്ഷകന്റെ അച്ഛന്റെയോ അമ്മയുടെയോ (എങ്കിൽ അപേക്ഷകനും അച്ഛൻ/അമ്മയും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിനുള്ള തെളിവും) കേരളത്തിലെ ജന്മസ്ഥലം കാണിക്കുന്ന ജനന സർട്ടിഫിക്കറ്റ്.

***അല്ലെങ്കിൽ***

(v) അപേക്ഷകനോ അപേക്ഷകന്റെ അച്ഛനോ അമ്മയോ കേരളത്തിലാണ് ജനിച്ചതെന്നു കാണിക്കുന്ന വില്ലേജ് ആഫീസർ/ തഹസീൽദാർ നൽകുന്ന സർട്ടിഫിക്കറ്റ്.

***അല്ലെങ്കിൽ***

(vi) കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുട്ടികളെ കേരളീയരായി പരിഗണിക്കുന്നതിന് രക്ഷിതാവ് കേരള കേഡറിൽ ജോലി ചെയ്യുന്ന AIS ഉദ്യോഗസ്ഥനാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർക്കാർ/അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

(b) **കേരളീയേതരൻ 1- ാം വിഭാഗം**

ഒരു അപേക്ഷകനെ കേരളീയേതരൻ 1- ാം വിഭാഗത്തിൽപ്പെടുത്തി പ്രവേശനത്തിനായി പരിഗണിക്കുന്നതിന് താഴെപ്പറയുന്ന ഏതെങ്കിലും ഒരു രേഖ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(i) അപേക്ഷകന്റെ രക്ഷാകർത്താവ് കേരളീയൻ അല്ലെങ്കിലും കേരള സർക്കാരിന് വേണ്ടി കേരളത്തിലോ കേരളത്തിന് പുറത്തോ, ഭാരത സർക്കാരിന് വേണ്ടി കേരളത്തിലോ ജോലി ചെയ്യുന്നു എന്ന് കാണിക്കുന്ന തൊഴിൽ ദാതാവ്/വകുപ്പ് തലവൻ നൽകുന്ന സർട്ടിഫിക്കറ്റും, അപേക്ഷൻ കേരളത്തിലെ ഏതെങ്കിലും സ്കൂളിൽ XI, XII ക്ലാസ്സുകളിൽ പഠിക്കുന്നുവെന്ന് കാണിക്കുന്ന സ്കൂൾ മേധാവിയുടെ സർട്ടിഫിക്കറ്റും.

(ii) പന്ത്രണ്ട് വർഷത്തെ പഠനകാലയളവിൽ അഞ്ച് വർഷക്കാലം അപേക്ഷൻ കേരളത്തിൽ താമസക്കാരനായിരുന്നുവെന്ന് കാണിക്കുന്ന വില്ലേജ് ഓഫീസർ/ തഹസീൽദാരുടെ സർട്ടിഫിക്കറ്റ്.

(iii) കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം നടത്തിയിട്ടുള്ള അപേക്ഷകരെ സംബന്ധിച്ചിടത്തോളം അപേക്ഷകൻ VIII മുതൽ XII വരെയുള്ള ക്ലാസ്സുകളിൽ കേരളത്തിലെ സ്കൂളുകളിലാണ് പഠിച്ചതെന്ന് തെളിയിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മേലധികാരിയുടെ സർട്ടിഫിക്കറ്റ് (സ്കൂൾ വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് അനുബന്ധം XII കാണുക). ★★★

## 6.2 *വിദ്യാഭ്യാസ യോഗ്യത*

### 6.2.1 മെഡിക്കൽ & അലൈഡ് കോഴ്സുകൾ

(a) MBBS, BDS, BAMS, BSMS, BHMS, BUMS എന്നീ കോഴ്സുകൾ മെഡിക്കൽ കോഴ്സുകളിലും, Bsc(Hons.) Agriculture, Bsc(Hons.) Forestry, BVSc & AH, BFSc എന്നീ കോഴ്സുകൾ അലൈഡ് കോഴ്സുകളിലും ഉൾപ്പെട്ടിരിക്കുന്നു.

(i) MBBS,BDS,BSMS എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജി/ബയോടെക്നോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോളജി പഠിച്ചിട്ടില്ലെങ്കിൽ ബയോടെക്നോളജി വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം ജയിച്ചിരിക്കണം.

(ii) BAMS, BHMS എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോടെക്നോളജി യോഗ്യതാ വിഷയമായി അംഗീകരിച്ചിട്ടില്ല. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം ജയിച്ചിരിക്കണം.

(iii) BUMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം ജയിച്ചിരിക്കണം. കൂടാതെ (a) വിദ്യാർത്ഥി പത്താം ക്ലാസ്സിൽ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിലേതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചവരോ അല്ലെങ്കിൽ സർക്കാർ അംഗീകൃത സൊസൈറ്റി/ബോർഡ്/യൂണവേഴ്സിറ്റി നടത്തുന്ന ഉറുദു പ്രവേശന പരീക്ഷ ജയിച്ചവരോ ആയിരിക്കണം. അല്ലെങ്കിൽ (b) ഒരു വർഷം ദൈർഘ്യമുള്ള പ്രീ-ടിബ് പരീക്ഷ ജയിച്ചിരിക്കണം.

(iv) അഗ്രിക്കൾച്ചർ, ഫിഷറീസ് കോഴ്സുകളിലേയ്ക്കുള്ള (BSc.(Hons.) Agri., BSc (Hons.) Forestry, BFSc.) പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോടെക്നോളജി യോഗ്യതാ വിഷയമായി അംഗീകരിച്ചിട്ടില്ല.

(b) 1993-ലെ വെറ്ററിനറി എഡ്യൂക്കേഷൻ ഡിഗ്രി കോഴ്സ് (BVSc & AH) റെഗുലേഷൻ 5 അനുസരിച്ച്, BVSc & AH കോഴ്സിനു പ്രവേശനം നേടുന്നതിന് അപേക്ഷകർ 6.2.1(a) (iv) ക്ലോസിൽ പറയുന്ന നിബന്ധനയ്ക്കു പുറമേ യോഗ്യതാ പരീക്ഷയിൽ ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തം 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം.ക്ലോസ് 6.2.5 ൽ പരാമർശിക്കുന്ന ഇളവുകൾ അനുവദനീയമാണ്.

(c) ഫിസിക്സും കെമിസ്ട്രിയും ബയോളജിയും ഐച്ഛിക വിഷയങ്ങളായി കേരള പ്രീഡിഗ്രി, ഹയർ സെക്കന്ററി അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പരീക്ഷകൾ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി, മുഖ്യ വിഷയത്തിനും ഉപവിഷയങ്ങൾക്കും മൊത്തത്തിൽ 50% മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി അല്ലെങ്കിൽ ബയോടെക്നോളജി മുഖ്യവിഷയമായും ഇവയിൽ ഒന്നോ രണ്ടോ എണ്ണം ഉപവിഷയമായും എടുത്ത് B.Sc ഡിഗ്രി (ത്രിവത്സര കോഴ്സ്) പാസ്സായ അപേക്ഷകർക്ക് MBBS, BDS, BAMS, BHMS, BSMS കോഴ്സുകളിൽ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.
കുറിപ്പ്:- അഖിലേന്ത്യാ ക്വാട്ടയിലുള്ളവർക്കും ഇന്ത്യാ ഗവൺമെന്റോ മറ്റു സംസ്ഥാനങ്ങളോ കേന്ദ്രഭരണ പ്രദേശങ്ങളോ നാമനിർദ്ദേശം ചെയ്യപ്പെട്ടവർക്കും ക്ലോസ് 6.2.1 ലെ വിദ്യാഭ്യാസ യോഗ്യത ബാധകമാണ്.

***6.2.2 എഞ്ചിനീയറിംഗ് കോഴ്സുകൾ:-***(കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക്. (അഗ്രി. എഞ്ചിനീയറിംഗ്), ബി.ടെക്. (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി), കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക്.(ഡയറി ടെക്നോളജി), ബി.ടെക്.(ഫുഡ് ടെക്നോളജി), കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക്. (ഫുഡ് ടെക്നോളജി) കോഴ്സുകൾ ഉൾപ്പെടെ).

(a) കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, മാത്തമാറ്റിക്സിനു മാത്രം 50 ശതമാനവും മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിന് അർഹരാണ്. എന്നാൽ സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്കു മൊത്തത്തിൽ 45 ശതമാനം മാർക്ക് മതിയാകും.

കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടേയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടേയും മാർക്ക് പരിഗണി ക്കുന്നതാണ്.

**കുറിപ്പ്:-** (i) രണ്ടു വർഷത്തെ കേരള ഹയർസെക്കന്ററി കോഴ്സിലോ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള മറ്റു രണ്ടു വർഷ കോഴ്സുകളിലോ അതത് വിഷയങ്ങളിൽ ഓരോന്നിനും രണ്ടു വർഷത്തിനും കൂടി ഹയർസെക്കന്ററി ബോർഡ് നൽകിയിട്ടുള്ള മാർക്ക്ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കുവേണ്ടി പരിഗണിക്കുന്നത്.

(ii) അവസാന വർഷം (12-ാം ക്ലാസ്) മാത്രം ബോർഡ് എക്സാമിനേഷൻ നടത്തുന്ന ഹയർസെക്കന്ററി കോഴ്സുകളിൽ അതത് വിഷയത്തിന് ഹയർസെക്കന്ററി ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കായി പരിഗണിക്കുന്നത്.

(iii) മറ്റെല്ലാത്തരം ഹയർസെക്കന്ററി കോഴ്സുകൾക്കും അതത് പരീക്ഷാ ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അതത് വിഷയങ്ങളുടെ മാർക്കുകൾ വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കും.

(b) മാത്തമാറ്റിക്സ് അഥവാ ബയോളജിക്കു പ്രത്യേകമായി 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്/ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50% മാർക്കും നേടി കേരള ഹയർ സെക്കന്ററിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചവർക്ക്, ബി.ടെക്. (ഡയറി ടെക്നോളജി) കോഴ്സിൽ ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലെ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.

***കുറിപ്പ്:***- കേരള വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷ, കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷയ്ക്കു തുല്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്.

### 6.2.3 ആർക്കിടെക്ച്ചർ കോഴ്സ്

(a) **ബി.ആർക്ക് കോഴ്സിനുള്ള കുറഞ്ഞ യോഗ്യത :** മാത്തമാറ്റിക്സ് ഒരു വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്കോടെ 10+2 സ്കീമിലുള്ള സീനിയർ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായവരായിരിക്കണം.

***അല്ലെങ്കിൽ***

കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ട്രീമിലുള്ള മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ള 10+3 ഡിപ്ലോമയിൽ മൊത്തത്തിൽ 50% മാർക്കോടെ പാസ്സായിരിക്കണം.

***അല്ലെങ്കിൽ***

പത്ത് വർഷ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാത്തമാറ്റിക്സ് ഒരു നിർബന്ധ വിഷയമായി പഠിച്ച് മൊത്തത്തിൽ 50% മാർക്കോടെ പാസ്സായ ഇന്റർനാഷണൽ ബക്കാലാറേറ്റ് ഡിപ്ലോമ.

(b) 6.2.3 (a) വകുപ്പിൽ പറയുന്ന നിബന്ധനയ്ക്കു പുറമേ, അപേക്ഷാർത്ഥികൾ NATA (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നിബന്ധന പ്രകാര മുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം. 11.03.2008 ലെ കൗൺസിൽ ഓഫ് ആർക്കിടെക്ച്ചറിന്റെ Lr.No.CA/5/Academic-NATA എന്ന ലെറ്റർ പ്രകാരം സാമുദായിക സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് NATA യോഗ്യതാ മാനദണ്ഡത്തിൽ ഇളവുണ്ടായിരിക്കുന്നതല്ല. വിദ്യാർത്ഥികൾ 10.06.2019 ന് മുൻപായി NATA യോഗ്യത നേടിയിരിക്കേണ്ടതാണ്.

(c) 5 വർഷം ദൈർഘ്യമുള്ള ആർക്കിടെക്ച്ചർ കോഴ്സിലേക്ക് രണ്ടാം വർഷമോ മറ്റോ ലാറ്ററൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

### 6.2.4 ബി.ഫാം കോഴ്സ്

ബി.ഫാം കോഴ്സ്: കേരളാ ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജി/മാത്തമാറ്റിക്സിന് മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമാറ്റിക്സ് എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാ നവും മാർക്കോടെ ജയിച്ചവർ അർഹരാണ്.

### *6.2.5 മാർക്കുകളിൽ ഇളവ് :*

സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപെട്ട ( 02.05.1966 ലെ G.O.(P)208/66/Edn., 23.05.2014-ലെ G.O.(Ms)No.10/2014/BCDD, 01.01.2015-ലെ G.O.(P)No.1/2015/BCDD, 05.01.2015 ലെ G.O.(Ms) 4/2015/H.Edn. ഉത്തരവുകൾ, അതിന്റെ ഭേദഗതികൾ, എന്നിവ പ്രകാരം), അപേക്ഷകർക്ക് എല്ലാ കോഴ്സുകളിലേയ്ക്കും 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്. അതായത്, ബയോളജിക്ക്/ മാത്തമാറ്റിക്സിന് 45 ശതമാനവും ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനവും. പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷ ജയിച്ചാൽ മാത്രം മതിയാകും. SC/ ST വിഭാഗ വിദ്യാർത്ഥികളെ MBBS/BDS കോഴ്സുകളിലേക്ക് പരിഗണിക്കണമെങ്കിൽ യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ ഐച്ഛിക വിഷയങ്ങളിൽ, മൊത്തത്തിൽ 40% മാർക്ക്

നേടിയിരിക്കണം. വകുപ്പ് 5.3 പ്രകാരമുള്ള ശാരീരിക വൈകല്യമുള്ള വിഭാഗങ്ങളെ MBBS/BDS കോഴ്സുകൾക്ക് പരിഗണിക്കാൻ യോഗ്യതാ പരീക്ഷയിൽ ബയോളജിക്ക് 45 ശതമാനവും ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനവും മാർക്ക് നേടിയിരിക്കണം (മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ/ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യ മാർഗ്ഗനിർദ്ദേശ പ്രകാരം). ശാരീരിക വൈകല്യമുള്ള വിഭാഗങ്ങൾക്ക് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/*ഫാർമസി* കോഴ്സിനും, മെഡിക്കൽ/അനുബന്ധ കോഴ്സുകൾക്കും യോഗ്യതാ പരീക്ഷയിൽ 5 ശതമാനം മാർക്കിളവ് അനുവദിക്കുന്നതാണ്. എന്നാൽ സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുക ളിലേയ്ക്കുള്ള പ്രവേശനത്തിന് ഈ ഇളവ് ബാധകമായിരിക്കില്ല. OEC അപേക്ഷകർക്ക് പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും യോഗ്യതാ പരീക്ഷയിൽ SEBC അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളു.

**6.2.6** (i) ഹയർ സെക്കന്ററിയോ തത്തുല്യമായ പരീക്ഷയോ എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷകൾ താൽക്കാലികമായി എഴുതാം. അവർ പ്രവേശന പരീക്ഷയ്ക്കു മുമ്പ് യോഗ്യതാ പരീക്ഷ എഴുതിയിരിക്കണം. ഈ വിഭാഗക്കാർ പ്രവേശനം തേടുന്ന ദിവസം തന്നെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(ii) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ അവസാന വർഷത്തെ മാർക്ക് വിവരങ്ങളും പ്രസ്തുത മാർക്ക് ലിസ്റ്റും ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേ താണ്. ★★★

**6.2.8** മാർക്ക് അടുത്ത പൂർണ്ണ സംഖ്യയിലേക്ക് നിജപ്പെടുത്താവുന്നതല്ല. 100 ൽ 50 മാർക്ക് അല്ലെങ്കിൽ 300 ൽ 150 മാർക്ക് ലഭിച്ചാൽ മാത്രമേ 50% മാർക്ക് ലഭിച്ചതായി പരിഗണിക്കുകയുള്ളു. അതുപോലെ 100 ൽ 45 മാർക്കോ, 300 ൽ 135 മാർക്കോ ലഭിച്ചാലേ 45 ശതമാനം മാർക്ക് ലഭിച്ചതായി പരിഗണിക്കൂ. ★★★

### 7.4 *ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ*

(a) അപേക്ഷയിലെ ഓരോ ഇനവും പൂരിപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

(c) അപേക്ഷ സർവ്വഥാ പൂർണ്ണമായിരിക്കണം. അർഹതയുടെയോ അല്ലെങ്കിൽ, ഏതെങ്കിലും വിഭാഗത്തിലെ സംവരണത്തിനുള്ള അവകാശത്തിന്റെയോ തെളിവായി പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ യഥാസമയം ഹാജരാക്കിയാൽ മാത്രമേ പ്രവേശന പരീക്ഷയ്ക്കോ പ്രവേശനത്തിനോ അപേക്ഷകനെ പരിഗണിക്കുകയുള്ളു.

### *7.5* ***സംവരണം അവകാശപ്പെടാൻ***

### *7.5.1* ***സാമുദായിക സംവരണം അവകാശപ്പെടാൻ :***

ക്ലോസ് 6.1 (i) ൽ പ്രതിപാദിച്ചിട്ടുള്ള കേരളീയർക്കു മാത്രമേ ഈ സംവരണത്തിനു അർഹതയുള്ളു.

(a) ഗവണ്മെന്റ് സീറ്റിൽ SEBC സംവരണത്തിനും OEC വിഹിതത്തിനും വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(b) ഗവണ്മെന്റ് സീറ്റുകളിൽ SC/ST സംവരണം ആവശ്യപ്പെടുന്നതിന് സമുദായ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസീൽദാരിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(c) 5.4.2(d) വകുപ്പിലെ വ്യവസ്ഥയനുസരിച്ച് മിശ്ര വിവാഹിതരുടെ മക്കൾക്ക് SEBC സംവരണത്തിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും, നിർദ്ദിഷ്ട മാതൃകയിലുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും, പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പക്ഷം അവ ലഭിക്കുന്നതിന് തഹസിൽദാരിൽ നിന്നുള്ള മിശ്രവിവാഹ സർട്ടിഫിക്കറ്റും ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. മിശ്രവിവാഹ സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധം XVൽ നൽകിയിട്ടുണ്ട്.

*7.5.2* **പ്രത്യേക സംവരണം അവകാശപ്പെടുമ്പോൾ:** അപേക്ഷകർ അവരുടെ പ്രത്യേക സംവരണ അവകാശവാദങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. (ക്ലോസ് 5.2 നോക്കുക)

*7.5.3* **ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം അവകാശപ്പെടുമ്പോൾ :**

ക്ലോസ് 5.3 ൽ പറഞ്ഞിരിക്കും പ്രകാരം മെഡിക്കൽ ബോർഡിൽ നിന്നുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് മെഡിക്കൽ ബോർഡിന് മുന്നിൽ ഹാജരാക്കേണ്ടതാണ്. ടി സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കേണ്ടതില്ല.

*7.5.4* **ഏതെങ്കിലും ഫീസ് ആനുകൂല്യം/സ്കോളർഷിപ്പ് അവകാശപ്പെടുമ്പോൾ :**

പ്രോസ്പെക്ടസ്സ് 6.1(i) പ്രകാരം 'കേരളീയൻ' എന്ന വിഭാഗത്തിൽപ്പെടുന്ന SC/ST/OEC ഒഴികെയുള്ള അപേക്ഷകർ വാർഷിക കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരോ കോളേജ് പ്രവേശന അധികൃതരോ പ്രഖ്യാപിച്ചേക്കാവുന്ന ഏതെങ്കിലും സ്കോളർഷിപ്പ് അഥവാ ഫീസ് ആനുകൂല്യത്തിനു പരിഗണിക്കപ്പെടണമെങ്കിൽ വരുമാന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

### *7.6 ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ട മറ്റു രേഖകൾ*

(a) നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ രേഖ (ക്ലോസ് 6.1.1 കാണുക)

(b) ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

(c) ആയുർവ്വേദ കോഴ്സിന് വെയ്റ്റേജ് മാർക്ക് ലഭ്യമാകുന്നതിന് സംസ്കൃതം രണ്ടാം ഭാഷയായി പഠിക്കുന്ന അവസാന വർഷ പ്ലസ്ടു വിദ്യാർത്ഥികൾ സ്ഥാപന മേധാവി നൽകുന്ന നിശ്ചിത ഫോർമാറ്റിലുളള കോഴ്സ് സർട്ടിഫിക്കറ്റ് (ഒപ്പ്, സീൽ എന്നിവ പതിപ്പിച്ച) ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്ലസ്ടു കോഴ്സ് പൂർത്തിയാക്കിയവർ മാർക്ക്‌ലിസ്റ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അവസാന വർഷ VHSE(Agri.), VHSE(Livestock Management) എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ അവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതിന് സ്ഥാപന മേധാവി നൽകുന്ന നിശ്ചിത ഫോർമാറ്റിലുളള കോഴ്സ് സർട്ടിഫിക്കറ്റ് (ഒപ്പ്, സീൽ എന്നിവ പതിപ്പിച്ച) ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. കോഴ്സ് പൂർത്തി യാക്കിയവർ യോഗ്യതാപരീക്ഷയുടെ മാർക്ക്‌ലിസ്റ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(d) അപേക്ഷകൻ SEBC വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ വില്ലേജ് ഓഫീസർ നൽകിയ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്.

(e) അപേക്ഷകൻ SC/ST വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ തഹസീൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റ്.

(f) പ്രത്യേക സംവരണ ആനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റ്.

(g) മിശ്ര വിവാഹ സർട്ടിഫിക്കറ്റ്. [ക്ലോസ് 7.5.1 (c) കാണുക]

(h)ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണത്തിനുള്ള സർട്ടിഫിക്കറ്റ്. (ബാധകമെങ്കിൽ).

(i) B.Sc. ഡിഗ്രിയുടെ അടിസ്ഥാനത്തിൽ വകുപ്പ് 6.2.1(c) ലെ കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നവർ B.Sc. പരീക്ഷയുടെ എല്ലാ പാർട്ടുകളുടെയും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളെടുത്തു പാസ്സായ ഹയർ സെക്കന്ററി അഥവാ തത്തുല്യ പരീക്ഷയുടെയും മാർക്ക് ലിസ്റ്റ്.

**7.7** (i) 6.2.1(c) വകുപ്പ് പ്രകാരം പ്രവേശനം തേടുന്നവരെ അപേക്ഷ സമർപ്പിക്കുന്ന വേളയിൽ അക്കാഡമിക് യോഗ്യത നേടിയിട്ടുണ്ടെങ്കിൽ മാത്രമേ പ്രവേശന പരീക്ഷയ്ക്കിരിക്കാൻ അനുവദിക്കുകയുള്ളു.

(ii) മെഡിക്കൽ പ്രവേശനത്തിന് അപേക്ഷിക്കുന്ന ഹയർ സെക്കന്ററിയോ തത്തുല്യ പരീക്ഷയോ പാസ്സായ/എഴുതുന്ന അപേക്ഷകർ യോഗ്യതാ പരീക്ഷ പാസ്സായതിന്റെ അസൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) ഹയർ സെക്കന്ററിയോ തത്തുല്യ പരീക്ഷയോ പാസ്സായവരോ/ ഇപ്പോൾ പരീക്ഷയ്ക്ക് ഹാജരാകുന്നവരോ ആയ വിദ്യാർത്ഥികൾ പ്രോസ്പെക്ടസ്സിലെ മറ്റ് നിബന്ധനകൾ തൃപ്തികരമായി പാലിക്കുകയാണെങ്കിൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയെഴുതാൻ താൽക്കാലികമായി അനുവദിക്കുന്നതാണ്. പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ അവസാന വർഷത്തെ മാർക്ക് വിവരങ്ങളും പ്രസ്തുത മാർക്ക് ലിസ്റ്റും നിശ്ചിത തീയതിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. എല്ലാ അപേക്ഷകരും പ്രവേശനം നേടുന്ന സമയത്ത് യോഗ്യതാ പരീക്ഷയുടെ അസ്സൽ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(iv) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതി യോഗ്യത നേടുന്ന അപേക്ഷകർ യോഗ്യതാ പരീക്ഷയുടെ അവസാന വർഷത്തെ മാർക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കാത്ത പക്ഷം അവരെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

### **7.8** *മുഖ്യ അറിയിപ്പ്:*

(a) അപേക്ഷ സമർപ്പിച്ചതിനുശേഷം ഹാജരാക്കുന്ന രേഖകൾ പരിഗണിക്കപ്പെടുന്നതല്ല. അപേക്ഷ സമർപ്പിച്ചതിനുശേഷം മറ്റേതെങ്കിലും വിവരങ്ങൾ ഉൾപ്പെടുത്താൻ അവസരം നൽകുന്നതല്ല.

* * *

**9.2.4** ആർക്കിടെക്ച്ചർ കോഴ്സിന് പരിഗണിക്കപ്പെടാൻ താല്പര്യമുള്ളവർ നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ (NATA) പരീക്ഷയെഴുതി 10.06.2019 നു മുൻപ് യോഗ്യത നേടിയാൽ മാത്രമേ ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളവരെ ആ റാങ്കിന്റെ അടിസ്ഥാനത്തിൽ ബി.ആർക്ക് കോഴ്സ് പ്രവേശനത്തിന് പരിഗണിക്കുകയില്ല.

* * *

## 9.4 പരീക്ഷാ രീതി

**9.4.1** ഒബ്ജക്ടീവ് രീതിയിൽ ഒരൊറ്റ ശരി ഉത്തരം കണ്ടെത്തുന്നതായിരിക്കും എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പരീക്ഷാക്രമം. അതായത്, ഓരോ ചോദ്യത്തിനും അഞ്ച് ചോയ്സ് തന്നിട്ടുള്ളതിൽ ഏറ്റവും അനുയോജ്യമായ ഒരെണ്ണമുണ്ടാകും. പരീക്ഷാർത്ഥി ആ ഉത്തരം തെരഞ്ഞെടുത്ത് അതിന്റെ ആൽഫബെറ്റ് (A, B, C, D, E) ഉത്തരക്കടലാസിൽ അടയാളപ്പെടുത്തണം. (മാതൃകാ ഉത്തരക്കടലാസ് അനുബന്ധം XXIII ആയി ചേർത്തിട്ടുണ്ട്)

**9.4.2** ഒബ്ജക്ടീവ് പരീക്ഷകളുടെ ചോദ്യങ്ങൾ ചെറുപുസ്തകങ്ങളുടെ രൂപത്തിലായിരിക്കും നൽകുന്നത്. പരീക്ഷ കഴിഞ്ഞാൽ പരീക്ഷാർത്ഥികൾക്ക് ചോദ്യപുസ്തകങ്ങൾ കൊണ്ടുപോകാം.

**9.4.3** എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ ഓരോ പേപ്പറിലും 120 ചോദ്യങ്ങൾ വീതമാണുണ്ടാവുക. 150 മിനിട്ടു സമയവും ലഭിക്കും.

**9.4.4 മാർക്കിടുന്നതും നെഗറ്റീവ് മാർക്കും**

എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഓരോ ശരിയുത്തരത്തിനും 4 മാർക്കുവീതം കിട്ടും. തെറ്റായ ഓരോ ഉത്തരത്തിനും 1 മാർക്കു (ഒരു മാർക്ക്) കുറയ്ക്കും. ഒരു ചോദ്യത്തിന് ഉത്തരമെഴുതാൻ വിട്ടുപോയാൽ (അതായത്, ഉത്തരക്കടലാസിൽ ഉത്തരം അടയാളപ്പെടുത്താത്ത പക്ഷം) മൊത്തം മാർക്കിൽ കുറവു വരുത്തുന്നതല്ല. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരം നൽകിയാൽ ആ ഉത്തരം തെറ്റിയതായി കണക്കാക്കുന്നതും നെഗറ്റീവ് മാർക്കിടുന്നതുമാണ്. അതുകൊണ്ട്, ഉത്തരം കൃത്യമായറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾ ഉത്തരമെഴുതാൻ ശ്രമിക്കാതിരിക്കുന്നതാണ് നല്ലത്. എന്തെന്നാൽ ഊഹിച്ചെഴുതുന്നത് തെറ്റായ ഉത്തരത്തിലേക്ക് നയിക്കുകയും നെഗറ്റീവ് മാർക്കിന് ഇടവരുത്തുകയും ചെയ്യും. എന്നാൽ ഓരോ പേപ്പറിനും കുറഞ്ഞത് ഒരു ചോദ്യത്തിനെങ്കിലും ഉത്തരം രേഖപ്പെടുത്താത്തവരെ അയോഗ്യരായി കണക്കാക്കി എഞ്ചിനീയറിംഗ് റാങ്ക്‌ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. അതുപോലെ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ-I-ൽ കുറഞ്ഞത് ഒരു ചോദ്യത്തിനെങ്കിലും ഉത്തരം രേഖപ്പെടുത്താത്തവരെ അയോഗ്യരായി കണക്കാക്കി ബി.ഫാം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

## 9.5 പരീക്ഷയുടെ നിലവാരം

**9.5.1** ഹയർ സെക്കന്ററി അല്ലെങ്കിൽ തത്തുല്യമായ പരീക്ഷയുടെ നിലവാരത്തിലുള്ളതായിരിക്കും പ്രവേശന പരീക്ഷ. പ്രവേശന പരീക്ഷയ്ക്കുള്ള എല്ലാ വിഷയങ്ങളുടെയും സിലബസ് പ്രോസ്പെക്ടസിന്റെ അനുബന്ധം-I ൽ കൊടുത്തിട്ടുണ്ട്.

**9.5.2** പരീക്ഷയ്ക്കുള്ള വിഷയങ്ങളുടെ ഒരു രൂപരേഖ മാത്രമാണ് പ്രോസ്പെക്ടസിനോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുള്ള സിലബസിൽ ചേർത്തിരിക്കുന്നത്. ശക്തമായ മത്സര സ്വഭാവമുള്ള പരീക്ഷകളാകയാലും, മത്സരിക്കുന്ന വിദ്യാർത്ഥികളിൽ ഒഴിവാക്കൽ പ്രക്രിയയിലൂടെ ഏറ്റവും മികച്ചവരെ കണ്ടെത്തണമെന്നതുകൊണ്ടും, പ്രസിദ്ധീകരിച്ച പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങൾ പ്രതീക്ഷിക്കാം. NCERT ടെക്സ്റ്റ് ബുക്കോ മറ്റേതെങ്കിലും പാഠ പുസ്തകമോ മാത്രം ആധാരമാക്കിയായിരിക്കുകയില്ല ചോദ്യങ്ങൾ.

* * *

## *9.6.2 അഡ്മിറ്റ് കാർഡുകൾ*

(a) അർഹതയുള്ള പരീക്ഷാർത്ഥികൾ അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഡൗൺലോഡ് ചെയ്യാനായി ആപ്ലിക്കേഷൻ നമ്പരും പാസ് വേർഡും നൽകേണ്ടതാണ്. പരീക്ഷയുടെ സ്ഥലവും ടൈംടേബിളും അഡ്മിറ്റ് കാർഡിൽ രേഖപ്പെടുത്തിയിരിക്കും. അഡ്മിറ്റ് കാർഡുകൾ തപാൽ മുഖേന അയയ്ക്കുന്നതല്ല.

(b) അപേക്ഷ നിരസിക്കപ്പെട്ടവർക്ക് റിജക്ഷൻ മെമ്മോ നൽകുന്നതാണ്.

(c) അപേക്ഷയിലെ അപാകതകളെ സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും തപാൽ വഴി അറിയിപ്പുണ്ടാകുന്നതല്ല. അപാകതകൾ ഏതെങ്കിലും ഉണ്ടെങ്കിൽ വിദ്യാർത്ഥിയുടെ പോർട്ടലിൽ അപാകതകളെ സംബന്ധിച്ച വിവരം ദൃശ്യമാക്കുന്നതാണ്. അതുപ്രകാരം സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽത്തന്നെ അവ പരിഹരിച്ച് ഓൺലൈനായി രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(d) അപേക്ഷകൾ സ്വീകരിക്കപ്പെട്ട വിദ്യാർത്ഥികളെല്ലാം കഴിവതും നേരത്തെ തന്നെ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. അഡ്മിറ്റ് കാർഡ് കൈവശമില്ലാത്ത അപേക്ഷകരെ യാതൊരു കാരണവശാലും പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

* * *

## *9.6.4 മുഖ്യ അറിയിപ്പ് :*

ഏതെങ്കിലുമൊരു പരീക്ഷാർത്ഥിയ്ക്ക് പരീക്ഷ നടത്തിപ്പിനെക്കുറിച്ചു ന്യായമായ എന്തെങ്കിലും പരാതിയുള്ള പക്ഷം, പരീക്ഷ കഴിഞ്ഞാലുടനെ, ആവശ്യമായ വിശദാംശങ്ങൾ/വിവരങ്ങൾ സഹിതം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടു മുമ്പാകെ പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരീക്ഷ നടത്തിപ്പ്

സംബന്ധിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നേരിട്ടു ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

**9.6.5** **പുന:പരീക്ഷ ഉണ്ടാകുന്നതല്ല:** KEAM-2019 ന്റെ നിർദ്ദിഷ്ട തീയതികളിൽ ഏതെങ്കിലും കാരണവശാൽ പ്രവേശന പരീക്ഷ എഴുതാൻ സാധിക്കാത്ത പരീക്ഷാർത്ഥികൾക്കുവേണ്ടി പുന:പരീക്ഷ ഒരു കാരണവശാലും നടത്തുന്നതല്ല.

***9.7 ഫലപ്രഖ്യാപനം***

**9.7.1** പ്രവേശന പരീക്ഷ കഴിഞ്ഞ ശേഷം പ്രവേശന പരീക്ഷയുടെ എല്ലാ പേപ്പറുകളുടെയും ഉത്തര സൂചികകൾ 'www.cee-kerala.org' എന്ന വെബ്സൈറ്റിലും, അതു സംബന്ധമായ വിജ്ഞാപനം പ്രമുഖ പത്രങ്ങളിലും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

**9.7.2** ഉത്തര സൂചിക സംബന്ധിച്ച് പരീക്ഷാർത്ഥികൾക്ക് ആക്ഷേപമുള്ള പക്ഷം അവ 'www.cee-kerala.org' എന്ന വെബ്സൈറ്റിൽ സൂചിക പ്രസിദ്ധീകരിച്ച് 5 ദിവസത്തിനകം ആവശ്യമായ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും 100 രൂപ വീതം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന പരാതികളും, e-mail, ഫാക്സ് എന്നിവയിലൂടെ ലഭിക്കുന്ന പരാതികളും ഒരു കാരണവശാലും പരിഗണിക്കില്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

**9.7.3** ഉത്തര സൂചികകൾ സംബന്ധിച്ച പരാതികൾ പ്രവേശന പരീക്ഷാ കമ്മീഷണർ രൂപീകരിക്കുന്ന വിദഗ്ധ സമിതികൾക്കു വിടുന്നതാണ്. സമിതികളുടെ തീരുമാനം അന്തിമമായിരിക്കും. പ്രസിദ്ധീകരിച്ച ഉത്തര സൂചികകളിൽ സമിതികളുടെ തീരുമാനപ്രകാരം വേണ്ട ഭേദഗതികൾ വരുത്തുന്നതാണ്. സമിതികളുടെ തീരുമാനത്തിൻമേൽ വ്യക്തിപരമായ മറുപടി ആർക്കുംതന്നെ അയയ്ക്കുന്നതല്ല.

***9.7.4 റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ :***

(a) താഴെപ്പറയുന്ന വിവിധ റാങ്ക് ലിസ്റ്റുകളുണ്ടായിരിക്കും.
  (i) എഞ്ചിനീയറിംഗ് കോഴ്സ്
  (ii) ആർക്കിടെക്ച്ചർ കോഴ്സ്
  (iii) എം.ബി.ബി.എസ്/ബി.ഡി.എസ്/ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ് കോഴ്സ്
  (iv) അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് കോഴ്സ്
  (v) ബി.എ.എം.എസ്. കോഴ്സ്
  (vi) ബി.ഫാം കോഴ്സ്

(b) **എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് :**

(i) എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് പ്രവേശന പരീക്ഷയുടെ പേപ്പർ ഒന്നിനും രണ്ടിനും കൂടി ലഭിച്ച മൊത്തം മാർക്കിനും യോഗ്യതാ പരീക്ഷയിൽ മാത്മാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ രണ്ടാം/അവസാന വർഷത്തിൽ മൊത്തത്തിൽ ലഭിച്ച മാർക്ക്/ഗ്രേഡ്-നും (സ്റ്റാൻഡർഡൈസേഷൻ പ്രക്രിയയ്ക്കുശേഷം) 50:50 എന്ന അനുപാതത്തിൽ തുല്യ പരിഗണന നൽകുന്നതായിരിക്കും. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടേയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടേയും മാർക്ക് പരിഗണിക്കുന്നതാണ്.

(ii) മുതൽ (ix) വരെ:- യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ സ്റ്റാൻഡർഡൈസേഷൻ (ഇംഗ്ലീഷ് വേർഷൻ കാണുക).

* * *

(c) NATA സ്കോറിനും യോഗ്യതാ പരീക്ഷയ്ക്കും തുല്യപ്രാധാന്യം നൽകിയായിരിക്കും ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. NATA പരീക്ഷയിൽ 200 ൽ ലഭിക്കുന്ന മാർക്കും യോഗ്യതാ പരീക്ഷയിൽ ലഭിക്കുന്ന മാർക്കിനെ 200 ൽ ആക്കിയശേഷം ലഭിക്കുന്ന മാർക്കും തമ്മിൽ കൂട്ടുന്നു. ഇപ്രകാരം 400 ൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കും.

(d) i) എം.ബി.ബി.എസ്/ബി.ഡി.എസ്/ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ് കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് NEET-UG 2019 റാങ്ക് ലിസ്റ്റിന്റെയും, പ്രോസ്പെക്ടസ് ക്ലോസ് 9.7.5(ii), 6.1 എന്നിവയിലെ യോഗ്യതാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും.

ii) അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് NEET-UG 2019 റാങ്ക് ലിസ്റ്റിന്റെയും, പ്രോസ്പെക്ടസ് ക്ലോസ് 9.7.5(iii), 6.1 എന്നിവയിലെ യോഗ്യതാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും.

(e) പ്ലസ് ടു തലത്തിൽ സംസ്കൃതം രണ്ടാം ഭാഷയായി പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ NEET-UG 2019 പരീക്ഷയിൽ നേടിയ മാർക്കിനോടൊപ്പം 8 മാർക്ക് കൂട്ടി ചേർത്ത് പ്രോസ്പെക്ടസ് ക്ലോസ് 9.7.5(ii), 6.1

എന്നിവയിലെ യോഗ്യതാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും ആയുർവ്വേദ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

*(f)* ബി.ഫാം കോഴ്സിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് താഴെപ്പറയുന്ന രീതിയിലായിരിക്കും:

കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ-I ൽ കെമിസ്ട്രിയ്ക്ക് ലഭിച്ച സ്കോറിനെ 2.25 കൊണ്ട് ഗുണിച്ചശേഷം ഫിസിക്സിന് ലഭിച്ച സ്കോറിനോടൊപ്പം കൂട്ടുമ്പോൾ ലഭിക്കുന്ന തുകയെ 2/3 കൊണ്ട് ഗുണിച്ച് ബി.ഫാം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതാണ്. പരമാവധി ഇൻഡക്സ് മാർക്ക് 480 ആയിരിക്കും

*(g)* ***റാങ്ക് നിർണ്ണയിക്കുമ്പോൾ സമനിലയുണ്ടായാൽ :***

(i) **എഞ്ചിനീയറിംഗ്** : എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഒന്നിൽ കൂടുതൽ പേർക്ക് ഒരേ മാർക്ക് കിട്ടി സമനിലയിലായാൽ, പ്രവേശന പരീക്ഷയിലെ മാത്തമാറ്റിക്സ് വിഷയത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവർക്ക് ഉയർന്ന റാങ്ക് നൽകും. വീണ്ടും സമനില വന്നാൽ പ്രവേശന പരീക്ഷയിൽ ഫിസിക്സ് & കെമിസ്ട്രി പേപ്പറിലെ ഫിസിക്സ് ഭാഗത്തിനു കൂടുതൽ മാർക്ക് നേടിയവർക്ക് ഉയർന്ന റാങ്ക് നൽകും. തുടർന്നും സമനിലയാണെങ്കിൽ യോഗ്യതാ പരീക്ഷയിലെ രണ്ടാം വർഷത്തെ മാത്തമാറ്റിക്സ് വിഷയത്തിന് സ്റ്റാൻഡാർഡൈസേഷന് ശേഷം ലഭിച്ച മാർക്ക് ഉയർന്ന റാങ്ക് നൽകുന്നതിന് പരിഗണിക്കും. വീണ്ടും സമനിലയായാൽ യോഗ്യതാ പരീക്ഷയിലെ രണ്ടാം വർഷത്തെ ഫിസിക്സ് വിഷയത്തിന് സ്റ്റാൻഡാർഡൈസേഷന് ശേഷം ലഭിച്ച മാർക്ക് ഉയർന്ന റാങ്ക് നൽകുന്നതിന് പരിഗണിക്കും. സമനില തുടർന്നാൽ പ്രായം കൂടിയ അപേക്ഷാർത്ഥിക്ക് ഉയർന്ന റാങ്ക് നൽകും.

(ii) **ആർക്കിടെക്ച്ചർ** : ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ 400 ൽ കണക്കാക്കുന്ന മാർക്ക് ഒന്നിൽ കൂടുതൽ പേർക്ക് തുല്യമായി വന്നാൽ NATA സ്കോർ കൂടുതലായി ലഭിക്കുന്ന പരീക്ഷാർത്ഥിക്കും, തുല്യത തുടർന്നാൽ യോഗ്യതാ പരീക്ഷയിൽ മാത്തമാറ്റിക്സിന്റെ മാർക്കിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മാർക്കുള്ള പരീക്ഷാർത്ഥിക്കും ഉയർന്ന റാങ്ക് നൽകും. വീണ്ടും തുല്യതയുണ്ടെങ്കിൽ കൂടുതൽ പ്രായമുള്ള പരീക്ഷാർത്ഥിക്ക് ഉയർന്ന റാങ്ക് നൽകും.

(iii) **ആയുർവ്വേദ** : മാർക്കിന്റെ സമനില വന്നാൽ ഉയർന്ന NEET-UG റാങ്ക് ഉള്ള വ്യക്തിയ്ക്ക് ഉയർന്ന ആയുർവേദ റാങ്ക് നൽകും.

***

(iv) **ബി.ഫാം:** ബി.ഫാം റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒന്നിൽ കൂടുതൽ പേർക്ക് ഒരേ ഇൻഡക്സ് മാർക്ക് ലഭിച്ച് സമനിലയായാൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പേപ്പർ-I ലെ കെമിസ്ട്രി വിഷയ ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവർക്ക് ഉയർന്ന റാങ്ക് നൽകും. സമനില തുടർന്നാൽ പ്രായം കൂടിയ അപേക്ഷാർത്ഥിയ്ക്ക് ഉയർന്ന റാങ്ക് നൽകും.

**9.7.5** പ്രവേശന പരീക്ഷകളിലെ യോഗ്യതാ മാനദണ്ഡം:

(i) എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് ഒരു പരീക്ഷാർത്ഥി പ്രവേശന പരീക്ഷയുടെ രണ്ട് പേപ്പറുകളും (പേപ്പർ I ഉം പേപ്പർ II ഉം) എഴുതി ഓരോ പേപ്പറിലും കുറഞ്ഞത് 10 മാർക്ക് നേടിയിരിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ കുറഞ്ഞ മാർക്ക് നിബന്ധനയില്ല. എന്നാൽ ഓരോ പേപ്പറിലും കുറഞ്ഞത് ഒരു ചോദ്യത്തി നെങ്കിലും ഉത്തരമെഴുതാത്തവരെ അയോഗ്യരാക്കുന്നതാണ്.

(ii) എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ് എന്നീ കോഴ്സുകളിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് NEET-UG 2019-ൽ 50 പെർസന്റയിലിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. എന്നാൽ എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗത്തിന് 40 പെർസന്റയിൽ മതിയാകും. ശാരീരിക വൈകല്യമുള്ള ജനറൽ വിഭാഗക്കാർക്ക് 45 പെർസന്റയിലും ശാരീരിക വൈകല്യമുള്ള എസ്.സി/എസ്.റ്റി/എസ്.ഇ.ബി.സി വിഭാഗത്തിന് 40 പെർസന്റയിലും മതിയാകും.

(iii) അഗ്രികൾച്ചർ, വെറ്ററിനറി, ഫോറസ്ട്രി, ഫിഷറീസ് എന്നീ കോഴ്സുകളിലെ പ്രവേശനത്തിന് NEET-UG 2019 പരീക്ഷയെഴുതി കുറഞ്ഞത് 20 മാർക്ക് നേടിയിരിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥി കൾക്ക് കുറഞ്ഞ മാർക്ക് നിബന്ധനയില്ല.

***

(iv) ബി.ഫാം കോഴ്സ് പ്രവേശനത്തിന് യോഗ്യത നേടുന്നതിന് ഒരു പരീക്ഷാർത്ഥിയ്ക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ I-ൽ ക്ലോസ് 9.7.4(f) പ്രകാരം ഇൻഡക്സ് മാർക്ക് കണക്കാക്കുമ്പോൾ കുറഞ്ഞത് 10 മാർക്ക് ലഭിച്ചരിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഇൻഡക്സ് മാർക്ക് നിബന്ധനയില്ല. എന്നാൽ പേപ്പർ-I-ന് ഒരു ചോദ്യത്തിനെങ്കിലും ഉത്തരമെഴുതാത്തവരെ അയോഗ്യരാക്കുന്നതാണ്.

**9.7.6** ഒപ്ടിക്കൽ മാർക്ക് റീഡിംഗ് (OMR) സമ്പ്രദായമുപയോഗിച്ച് ഒബ്ജക്ടീവ് ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്നതിനും റാങ്ക് ലിസ്റ്റുകളും വിവിധ മെരിറ്റ് ലിസ്റ്റുകളും തയ്യാറാക്കുന്നതിനും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കപ്പെട്ട സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്. മൂല്യനിർണ്ണയവും

സ്കോറിംഗും തെറ്റുകയില്ലെന്നതിനാൽ പുന:പരിശോധനയ്ക്കോ പുനർമൂല്യനിർണ്ണയത്തിനോ അവസരം ലഭിക്കുന്നതല്ല.

**9.7.7** ***റിസൾട്ട് പ്രസിദ്ധീകരണം :***

എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ബി.ഫാം, എം.ബി.ബി.എസ്/ ബി.ഡി.എസ്/ ബി.എ.എം.എസ്/ ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ്, അഗ്രികൾച്ചർ, വെറ്റിനറി, ഫോറസ്ട്രി, ഫിഷറീസ് റാങ്ക് ലിസ്റ്റുകൾ പ്രത്യേകം പ്രസിദ്ധീകരിക്കും. ഇവ '**www.cee-kerala.org**' എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

**9.7.8** എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ബി.ഫാം, എം.ബി.ബി.എസ്/ ബി.ഡി.എസ്/ ബി.എ.എം.എസ്/ ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ്, അഗ്രികൾച്ചർ, വെറ്റിനറി, ഫോറസ്ട്രി, ഫിഷറീസ് റാങ്ക് ലിസ്റ്റുകൾ **2019** ജൂൺ 20 നോ മുമ്പോ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

**9.7.9** ആർക്കിടെക്ച്ചർ കോഴ്സിന് പ്രവേശനം ആഗ്രഹിക്കുന്നവർ 1.4, 6.2.3, 9.2.4, 9.7.5 എന്നീ ക്ലോസുകൾക്കനുസൃതമായി നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ എഴുതേണ്ടതാണ്. ഇവർ താഴെപ്പറയുന്ന രേഖകൾ അപ്ലോഡ് ചെയ്യേണ്ടതാണ്.

(i) യോഗ്യതാ പരീക്ഷയിൽ അവർക്ക് ലഭിച്ച മാർക്ക് ലിസ്റ്റ്.

(ii) ഒറിജിനൽ NATA സ്കോർ ഷീറ്റ്.

മേൽപറഞ്ഞ രേഖകൾ 10.06.2019-നോ മുൻപോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേ താണ്. ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർ വിജ്ഞാപനത്തിലൂടെ പിന്നീട് അറിയിക്കുന്നതാണ്.

10.06.2019-നോ മുൻപോ ലഭിക്കുന്ന മാർക്കുകൾ മാത്രമേ ഈ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുകയുള്ളൂ. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റ് അന്തിമമായിരിക്കും. പിന്നീട് ലഭിക്കുന്ന മാർക്ക് ലിസ്റ്റുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. 10.06.2019-നോ മുൻപോ മാർക്ക് ലിസ്റ്റും/ NATA സ്കോർ ഷീറ്റും സമർപ്പിക്കാത്തവരെ റാങ്കിങ്ങിന് പരിഗണിക്കില്ല. യോഗ്യതാ പരീക്ഷയുടെ ഫല പ്രഖ്യാപനത്തിലെ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കില്ല.

**9.7.10** (a) **റാങ്ക് ലിസ്റ്റുകളുടെ കാലാവധി:**

(i) എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് : 15.08.2019 വരെ. (2012 ലെ സിവിൽ അപ്പീൽ നമ്പർ 9047,9048 എന്നിവയിന്മേൽ ബഹു: സുപ്രീം കോടതി 13.12.2012 ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം)

(ii) ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് : 15.08. 2019 വരെ.

(iii) എം.ബി.ബി.എസ്/ബി.ഡി.എസ് റാങ്ക് ലിസ്റ്റ് : 31.08. 2019 വരെ.

(iv) ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ്/ അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി, ഫിഷറീസ് റാങ്ക് ലിസ്റ്റ് : 31.10. 2019 വരെ.

(v) ആയുർവേദ റാങ്ക് ലിസ്റ്റ് : 31.10. 2019 വരെ.

(vi) ബി.ഫാം റാങ്ക് ലിസ്റ്റ്: 15.08. 2019 വരെ.

**9.7.11** ***കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരണം :***

(a) സമുദായ സംവരണം, പ്രത്യേക സംവരണം, ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം എന്നിങ്ങനെ ഇനം തിരിച്ചുള്ള പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(b) എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ബി.ഫാം, എം.ബി.ബി.എസ്/ബി.ഡി.എസ്, ബി.എച്ച്.എം.എസ്/ ബി.എസ്.എം.എസ്/ബി.യു.എം.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/ഫോറസ്ട്രി/ഫിഷറീസ്, ആയുർവ്വേദ റാങ്ക് ലിസ്റ്റുകളെ അടിസ്ഥാനമാക്കി പ്രത്യേകം കാറ്റഗറി ലിസ്റ്റുകൾ ഉണ്ടായിരിക്കും.
പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന വിവിധ മെരിറ്റ്/കാറ്റഗറി പ്രൊവിഷണൽ ലിസ്റ്റുകൾ പരീക്ഷാർത്ഥികൾ പരിശോധിച്ച് ലിസ്റ്റിൽ തങ്ങൾക്കുള്ള സ്ഥാനം, വ്യത്യസ്ത വിഭാഗങ്ങളിൽ ഉൾപ്പെടുത്തൽ, സാമുദായിക/പ്രത്യേക സംവരണത്തിനുള്ള അർഹത മുതലായവ ബോദ്ധ്യപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും പരാതിയുള്ള പക്ഷം ബന്ധപ്പെട്ട ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി നിശ്ചിത ദിവസത്തിനകം ആവശ്യമായ നടപടിക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിനെ സമീപിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന പരാതികൾ പരിഗണി ക്കുന്നതല്ല.

**കാറ്റഗറി ലിസ്റ്റിനെ സംബന്ധിച്ച പരാതികൾ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി നിശ്ചിത ദിവസത്തിനകം നൽകേണ്ടതാണ്.**

(c) പ്രോസ്പെക്ടസിൽ പറയുന്ന യോഗ്യതകളില്ലാത്ത പക്ഷം, പ്രവേശന പരീക്ഷ എഴുതാനുള്ള അനുമതി ലഭിച്ചതു കൊണ്ടോ, പ്രവേശന പരീക്ഷകളിലെ റാങ്കോ, മെരിറ്റ് ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയതു കൊണ്ടോ മാത്രം അപേക്ഷകൻ പ്രവേശനത്തിന് അർഹത നേടുന്നില്ല. തെറ്റായ വിവരങ്ങൾ നൽകുന്നത് അപേക്ഷകന് അയോഗ്യത കല്പിക്കപ്പെടാനിടവരുത്തും. കൂടാതെ, കോഴ്സിലേക്കുള്ള പ്രവേശനം റദ്ദാക്കപ്പെടുന്നതും ക്രിമിനൽ നിയമങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾ ബാധകമാക്കപ്പെടുന്നതുമാണ്. അപേക്ഷാർത്ഥി നൽകിയ ഏതെങ്കിലും വിവരമോ, ഓൺലൈനായി അപ്ലോഡ് ചെയ്ത ഏതെങ്കിലും രേഖയോ, വ്യാജമെന്നു കാണുകയോ പ്രവേശനത്തിനുള്ള അയോഗ്യത പ്രവേശനത്തിനു മുമ്പോ പിമ്പോ കണ്ടു

പിടിക്കപ്പെടുകയോ ചെയ്താൽ അപേക്ഷകന്റെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതും, അപേക്ഷകന് പ്രവേശനം നൽകിയിട്ടുള്ള പക്ഷം അതു റദ്ദാക്കുന്നതുമായിരിക്കും. * * *

### *10.3 ഉത്തരക്കടലാസുകൾ*

**10.3.1** ഒബ്ജക്ടീവ് പരീക്ഷകൾക്ക് ഉത്തരങ്ങൾ അടയാളപ്പെടുത്താൻ പ്രത്യേകം ഉത്തരക്കടലാസുകൾ (OMR Answer Sheet) അതുമായി ചേർന്നുള്ള അതിന്റെ ഒരു പകർപ്പോടെ നൽകുന്നതാണ്. പരീക്ഷാവേളയിൽ ഈ പകർപ്പ് വിദ്യാർത്ഥി അസ്സലിൽ നിന്നും മാറ്റുവാൻ പാടില്ല. അസ്സൽ ഷീറ്റിൽ രേഖപ്പെടുത്തുന്നവയെല്ലാം പകർപ്പിലേയ്ക്കും മാറുമെന്നതിനാൽ രണ്ടു ഷീറ്റുകളും ഒരേപോലെ വയ്ക്കുവാൻ വിദ്യാർത്ഥി ശ്രദ്ധിക്കേണ്ടതാണ്. അല്ലെങ്കിൽ രണ്ടു ഷീറ്റുകളിലേയും അടയാളങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിൽ ആകുവാൻ സാദ്ധ്യതയുണ്ട്. പകർപ്പ് അസ്സലിൽ നിന്നും പരീക്ഷ തീരുന്നതിനു മുമ്പ് മാറ്റിയാൽ അപേക്ഷകന്റെ സ്ഥാനാർത്ഥിത്വം റദ്ദു ചെയ്യാവുന്നതാണ്.

**10.3.2** ഈ പരീക്ഷയുടെ ഒബ്ജക്ടീവ് മാതൃകയിലുള്ള ഉത്തരക്കടലാസുകൾ ഒപ്ടിക്കൽ മാർക്ക് റീഡിംഗ് (OMR) സംവിധാനമുപയോഗിച്ച് മൂല്യനിർണ്ണയം നടത്തുന്നതാണ്. അതുകൊണ്ട്, അതിനു യോജിച്ച രീതിയിലാണ് ഉത്തരക്കടലാസുകൾ രൂപകൽപന ചെയ്തിട്ടുള്ളത്.

**10.3.3** OMR ഉത്തരക്കടലാസിന്റെ ഒരു മാതൃക അനുബന്ധം XXIII ൽ നൽകിയിട്ടുണ്ട്. ഓരോ ഉത്തരക്കടലാസിലും മുൻകൂട്ടി പ്രിന്റു ചെയ്ത ഒരു പ്രത്യേക ബാർകോഡ് ഉണ്ടായിരിക്കും. ഈ രഹസ്യ കോഡ് ഉപയോഗിച്ചാണ് മൂല്യനിർണ്ണയം നടത്തുന്നത്. ബാർകോഡ് വിദ്യാർത്ഥി വികലമാക്കരുത്. ഒരു അപേക്ഷകൻ ബാർകോഡ് വികലമാക്കുകയോ നശിപ്പിക്കുകയോ അതിനു കേടുവരുത്തുകയോ ചെയ്യുന്നത് ക്ലോസ് 10.10 പ്രകാരം പരീക്ഷാ ക്രമക്കേടായി കണക്കാക്കുന്നതും, ക്ലോസ് 10.10.2 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. അങ്ങനെയുള്ള പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതല്ല.

**10.3.4** ***മുഖ്യ അറിയിപ്പ് :***

OMR ഉത്തരക്കടലാസ് കൈകാര്യം ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

(i) പിൻ/സ്റ്റേപ്പിൾ ചെയ്യാൻ പാടില്ല.
(ii) പഞ്ചു ചെയ്യുകയോ ടാഗ് കോർക്കുകയോ ചെയ്യരുത്.
(iii) ഒരിടത്തും ദ്വാരമിടരുത്.
(iv) ഈറനാക്കുകയോ, അഴുക്കു പുരട്ടുകയോ ചെയ്യരുത്.
(v) കീറുകയോ വികലമാക്കുകയോ ചെയ്യരുത്.
(vi) മടക്കുകയോ ചുരുട്ടുകയോ ചെയ്യരുത്.

### *10.4 OMR ഉത്തരക്കടലാസ് പൂരിപ്പിക്കുന്ന വിധം:*

*10.4.1 അറിയിപ്പ്:*

**(i) OMR ഉത്തരക്കടലാസിലെ എല്ലാ എൻട്രികളും നീലയോ കറുപ്പോ മഷിയുള്ള ബോൾ പോയിന്റു പേന കൊണ്ടു മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ.**
**(ii) ഫൗണ്ടൻ പേന, ജെൽ പേന, സ്കെച്ച് പേന, പെൻസിൽ എന്നിവ ഉപയോഗിച്ചുള്ള മാർക്കിംഗ് അനുവദനീയമല്ല.**
**(iii) കറുപ്പോ നീലയോ അല്ലാതെ മറ്റേതെങ്കിലും നിറത്തിലുള്ള മഷി ഉപയോഗിക്കാൻ പാടില്ല.**
**(iv) ഒരിക്കൽ പേന കൊണ്ട് പടയാളപ്പെടുത്തിയത് അന്തിമവും മായ്ക്കാൻ പാടില്ലാത്തതുമാകയാൽ അടയാളമിടുന്നത് വളരെ ശ്രദ്ധിച്ചു വേണം.**

*10.4.2 ഉത്തരക്കടലാസിനു രണ്ടു ഭാഗങ്ങളുണ്ട്*

"പരീക്ഷാർത്ഥിയുടെ വിവരങ്ങൾ" ഇടതു വശത്തും "ഉത്തരങ്ങൾ" വലതു വശത്തും, രണ്ടിനും നടുവിലായി നെടുകെ ചെറു സുഷിരങ്ങളും ഉണ്ട്. ഉത്തരമെഴുതാൻ തുടങ്ങുന്നതിനു മുമ്പ് ഇടതു ഭാഗത്തെ എൻട്രികളെല്ലാം (പരീക്ഷാർത്ഥിയെ സംബന്ധിച്ച വിവരങ്ങൾ) പൂരിപ്പിക്കുക.

**(a) പരീക്ഷാർത്ഥിയുടെ വിവരങ്ങൾ (ഷീറ്റിന്റെ ഇടതുവശം)**

കള്ളികളും അവയ്ക്ക് അനുസൃതമായ വൃത്തങ്ങളും (bubbles) നീലയോ കറുപ്പോ മഷിയുള്ള ബോൾപോയിന്റ് പേന കൊണ്ട് അടയാളപ്പെടുത്തുക.

i) വെർഷൻ കോഡ്: ഈ കള്ളിയിൽ ചോദ്യ പുസ്തകത്തിൽ കൊടുത്തിട്ടുള്ള വെർഷൻ കോഡ് അപേക്ഷാർത്ഥി ശരിയായി പൂരിപ്പിക്കുകയും അടയാളപ്പെടുത്തുകയും വേണം.

ii) റോൾ നമ്പർ : ബോൾ പോയിന്റ് പേന കൊണ്ട്, വെട്ടിത്തിരുത്തില്ലാതെ, അഡ്മിറ്റ് കാർഡിലുള്ളതു പോലെ റോൾ നമ്പർ എഴുതുക.

iii) ചോദ്യ പുസ്തക ക്രമനമ്പർ: നിങ്ങളുടെ ചോദ്യപേപ്പറിന്റെ മുകളിൽ വലതു ഭാഗത്തുള്ളതു പോലെ ക്രമനമ്പർ എഴുതുക.

iv) പേര് : ബോൾ പോയിന്റ് പേന കൊണ്ട്, അഡ്മിറ്റ് കാർഡിലുള്ളതു പോലെ പേര് ശരിയായും വ്യക്തമായും എഴുതുക.

v) റോൾ നമ്പർ വീണ്ടും എഴുതുക.

vi) വിഷയത്തിന്റെ പേര്: പരീക്ഷാ വിഷയത്തിന്റെ പേര് എഴുതുക.

vii) പരീക്ഷാർത്ഥിയുടെ ഒപ്പ് : ഈ കള്ളിയിൽ പരീക്ഷാർത്ഥി ഒപ്പിടണം. ഒപ്പ് അഡ്മിറ്റ് കാർഡിലെയും അറ്റന്റൻസ് ഷീറ്റിലെയും ഒപ്പിനു സമാനമായിരിക്കണം.
പരീക്ഷയ്ക്കു മേൽനോട്ടം വഹിക്കുന്നയാളുടെ ഒപ്പ് എന്ന കോളം ബന്ധപ്പെട്ട വ്യക്തി പൂരിപ്പിക്കുന്നതാണ്.


**(b) OMR ഷീറ്റിൽ ഉത്തരങ്ങളുടെ ഭാഗം (ഷീറ്റിന്റെ വലതുവശം)**

**ഉത്തരക്കടലാസിന്റെ ഈ ഭാഗത്ത് നിങ്ങളുടെ പേരോ റോൾ നമ്പരോ മറ്റെന്തെങ്കിലും അഭിപ്രായങ്ങളോ എഴുതാൻ പാടില്ല. ഉത്തരങ്ങൾ അതിനു വേണ്ടിയുള്ള സ്ഥലങ്ങളിൽ (ബബിൾസ്) മാത്രം അടയാളപ്പെടുത്തുക.**

**10.4.3 അടയാളപ്പെടുത്തുന്ന രീതി:**



(a) OMR ഷീറ്റിലെ ഉത്തരങ്ങളുടെ ഭാഗത്ത് (വലതു വശം) അണ്ഡാകൃതിയിലുള്ള 'ബബിൾസ്' കാണാം. ഇവ പൂരിപ്പിക്കുന്നതിന് (അടയാളപ്പെടുത്തുന്നതിന്) നീലയോ കറുപ്പോ മഷിയുള്ള ബോൾ പോയിന്റ് പേന മാത്രം ഉപയോഗിക്കുക. മറ്റേതെങ്കിലും നിറമോ സ്കെച്ച് /ജെൽ പേനയോ ഉപയോഗിക്കാൻ പാടില്ല.

(b) ഓരോ ചോദ്യത്തിനും (A), (B), (C), (D), (E) എന്നിങ്ങനെ അഞ്ച് ഉത്തരങ്ങളുണ്ടായിരിക്കും. ഇതിൽ ഏറ്റവും അനുയോജ്യമായതു തെരഞ്ഞെടുക്കണം. എന്നിട്ട്, ബോൾപോയിന്റ് പേന (നീലയോ കറുപ്പോ മഷിയുള്ളത്) ഉപയോഗിച്ച് അതിനു നേർക്കുള്ള ബബിളിൽ അടയാളപ്പെടുത്തുക. ഉദാഹരണത്തിന്, ചോദ്യം 2-ന്റെ ഉത്തരം 'C' ആണെങ്കിൽ ബബിൾ 'C' താഴെ കാണിച്ചിട്ടുള്ളതുപോലെ കറുപ്പിക്കണം.




(c) ഓരോ ചോദ്യത്തിനും ഓരോ ബബിൾ മാത്രം അടയാളപ്പെടുത്തുക. ബബിൾ പൂർണ്ണമായും നിറയണം. ഇരുണ്ടു കാണുകയും വേണം

(d) ഉത്തരങ്ങൾ തെറ്റായ രീതിയിൽ അടയാളപ്പെടുത്തുന്നതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
|  | ശരി അടയാളമിടുന്നത് |
|  | ഗുണന ചിഹ്നമിടുന്നത് |
|  | പുള്ളിയിടുന്നത് |
|  | വരയിടുന്നത് |
|  | ഭാഗികമായി, അല്ലെങ്കിൽ, പകുതി മാത്രം കറുപ്പിക്കുന്നത്. |
|  | ബബിളിനു വെളിയിൽ പടയാളപ്പെടുത്തുന്നത് |
|  | ഒന്നിലധികം ബബിൾസ് കറുപ്പിക്കൽ |

മുകളിൽ കാണിച്ച ഉദാഹരണങ്ങളിൽ പരീക്ഷാർത്ഥി സൂചിപ്പിച്ച ഉത്തരം ശരിയായാൽ പോലും, തെറ്റായ രീതിയിൽ അടയാളപ്പെടുത്തിയതു കാരണം 'സ്കാനർ' അതു രേഖപ്പെടുത്തണമെന്നില്ല.

(e) ബബിൾ പൂർണ്ണമായും നിറയ്ക്കണം.

(f) പേന കൊണ്ട് ഒരിക്കൽ അടയാളപ്പെടുത്തിയത് അന്തിമമാണ്.

(g) ഒരിക്കൽ അടയാളപ്പെടുത്തിയത് മായ്ക്കാൻ ശ്രമിച്ചാൽ ബബിളിൽ പാടോ, അടയാളമോ അവശേഷിക്കുമെന്നതിനാൽ, അതിനെ ഉത്തരമായി കണക്കാക്കും.

(h) ഒരിക്കൽ അടയാളപ്പെടുത്തിയതു മായ്ച്ചു കളഞ്ഞ് പുതിയ ഒരു ഉത്തരം അടയാളപ്പെടുത്തുന്ന പക്ഷം ഒന്നിൽ കൂടുതൽ അടയാളങ്ങൾ സൃഷ്ടിക്കപ്പെടുകയും മാർക്ക് കുറയാനിടവരുത്തുകയും ചെയ്യും.

**10.5** ഓരോ പേപ്പറിന്റെയും പരീക്ഷ തുടങ്ങുന്നതിന് 5 മിനിട്ടു മുമ്പു മാത്രമേ പരീക്ഷാർത്ഥികൾക്കു ചോദ്യപേപ്പർ വിതരണം ചെയ്യുകയുള്ളു. അതുകൊണ്ട്, ഉത്തരങ്ങളെഴുതാൻ തുടങ്ങുന്നതിനു തൊട്ടുമുൻപ് ചോദ്യപേപ്പറിലും OMR ഉത്തരക്കടലാസിലുമുള്ള എൻട്രികൾ പൂരിപ്പിക്കാൻ പരീക്ഷാർത്ഥികൾ മനസ്സിരുത്തണം.

**10.6** പരീക്ഷ തുടങ്ങിയാലുടനെ പരീക്ഷാർത്ഥി ചോദ്യപേപ്പർ ശരിയായ രൂപത്തിലുള്ളതാണോ എന്നും, ക്രമനമ്പർ പ്രകാരമുള്ള 120 ചോദ്യങ്ങളും അതിലുണ്ടോ എന്നും പരിശോധിക്കണം. ചോദ്യപേപ്പർ പുസ്തകത്തിൽ അച്ചടിക്കാത്തതോ കീറിയതോ ഇളകിപ്പോയതോ ആയ പേജുകളുണ്ടാവാൻ പാടില്ല. എന്തെങ്കിലും തകരാറുണ്ടെങ്കിൽ അതു തിരുത്താനും, ആവശ്യമെങ്കിൽ പുതിയ ചോദ്യപേപ്പർ നൽകാനും വേണ്ടി, ഉടൻതന്നെ വിവരം പരീക്ഷയ്ക്കു മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. എന്തെങ്കിലും പിശകുള്ള പക്ഷം ശരിയായ ചോദ്യപേപ്പർ പരീക്ഷാർത്ഥിക്ക് നൽകാൻ ഇൻവിജിലേറ്റർ അടിയന്തിര നടപടി എടുക്കണം. പുതിയ ചോദ്യക്കടലാസ് നൽകിയ ശേഷമേ പഴയത് തിരികെ വാങ്ങാവൂ.

**10.7** OMR ഉത്തരക്കടലാസിൽ (ഇടതുഭാഗത്ത്) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മാത്രമേ പരീക്ഷാർത്ഥികൾ നൽകാൻ പാടുള്ളു. ആവശ്യപ്പെടാത്തതും, പരീക്ഷാർത്ഥിയെ തിരിച്ചറിയാൻ സഹായിക്കുന്നതുമായ കൂടുതൽ വിവരങ്ങൾ OMR ഷീറ്റിൽ എവിടെയെങ്കിലും രേഖപ്പെടുത്തിയാൽ അത് ക്ലോസ് 10.10 പ്രകാരം പരീക്ഷാ ക്രമക്കേടായി കണക്കാക്കുന്നതും, ക്ലോസ് 10.10.2 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**10.8** പരീക്ഷയ്ക്കു ശേഷം പരീക്ഷാർത്ഥി ഉത്തരം രേഖപ്പെടുത്തിയതനുസരിച്ചുള്ള OMR ഷീറ്റിന്റെ പകർപ്പ് അവർക്ക് ലഭിക്കുന്നതാണ്. അസ്സൽ OMR നോടു ചേർന്നുള്ള ഈ പകർപ്പ്, പരീക്ഷാർത്ഥിയുടെ സാന്നിദ്ധ്യത്തിൽ ഇൻവിജിലേറ്റർ വേർപെടുത്തുന്നതാണ്. ഈ പകർപ്പ് വിദ്യാർത്ഥിക്ക് കൊണ്ടുപോകാവുന്നതാണ്.

**10.9** OMR ഉത്തരക്കടലാസ് പൂരിപ്പിക്കുന്നതിലോ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതിലോ എന്തെങ്കിലും തെറ്റുപറ്റിയാൽ അത് മൂല്യനിർണ്ണയത്തെ പ്രതികൂലമായി ബാധിക്കും.

**10.10 പരീക്ഷാ ക്രമക്കേടുകൾക്കെതിരെയുള്ള മുന്നറിയിപ്പ് :**
**ക്ലോസ് 10.10 ൽ കൊടുത്തിട്ടുളളതോ സമാനമോ ആയ പ്രവൃത്തികളെ പരീക്ഷാ ക്രമക്കേടായി കണക്കാക്കുന്നതാണ്.**

**10.10.2 പരീക്ഷാ ക്രമക്കേടുകൾക്കുള്ള ശിക്ഷ : ക്ലോസ് 10.10 പ്രകാരമുള്ള പരീക്ഷാ ക്രമക്കേടുകളിൽ ഏർപ്പെടുന്ന പരീക്ഷാർത്ഥികളുടെ സ്ഥാനാർത്ഥിത്വം റദ്ദ് ചെയ്യുന്നതാണ്. ഇത്തരക്കാരെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷകളിൽ നിന്നും കുറഞ്ഞത് 2 വർഷത്തേയ്ക്ക് ഡീബാർ ചെയ്യുന്നതും അവർക്കെതിരെ ഉചിതമായ ക്രിമിനൽ നടപടികൾ എടുക്കുന്നതുമാണ്. ഈ വിഷയത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ തീരുമാനം അന്തിമമായിരിക്കും.**

**10.11 ആൾമാറാട്ടത്തിനെതിരെയുള്ള മുന്നറിയിപ്പ്: പ്രവേശന പരീക്ഷയിലോ, അലോട്ട്മെന്റ്/അഡ്മിഷൻ ഘട്ടത്തിലോ പരീക്ഷാർത്ഥികൾ ഏതെങ്കിലും തരത്തിലുള്ള ആൾമാറാട്ടത്തിനു മുതിർന്നാൽ അത്തരക്കാരെ ഇന്ത്യൻ ശിക്ഷാ നിയമങ്ങൾ അനുസരിച്ച് ശിക്ഷണനടപടികൾക്ക് വിധേയമാക്കുന്നതാണ്. ഇത്തരം പരീക്ഷാർത്ഥികളുടെ സ്ഥാനാർത്ഥിത്വം റദ്ദ് ചെയ്യുന്നതാണ്. കൂടാതെ ഇവരെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷകളിൽ നിന്നും കുറഞ്ഞത് 2 വർഷത്തേയ്ക്ക് ഡീബാർ ചെയ്യുന്നതുമാണ്.**

## 11. കേന്ദ്രീകൃത അലോട്ട്മെന്റ് സമ്പ്രദായം (CAP)

പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന KEAM-2019 ലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ബി.ഫാം, എം.ബി.ബി.എസ്/ബി.ഡി.എസ്, മെഡിക്കൽ/അനുബന്ധ, ആയുർവ്വേദ റാങ്ക് ലിസ്റ്റുകളിലുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ വഴി ഓപ്ഷൻ സ്വീകരിച്ചായിരിക്കും അലോട്ട്മെന്റ് നടത്തുക. വിദ്യാർത്ഥി നൽകുന്ന ഓപ്ഷൻ, ലഭിച്ച റാങ്ക്, അർഹതപ്പെട്ട റിസർവേഷൻ എന്നിവയുടെ അടിസ്ഥാന ത്തിലായിരിക്കും അലോട്ട്മെന്റ് നൽകുക.

**11.1** നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ഓൺലൈൻ സംവിധാന ത്തിലൂടെയായിരിക്കും പ്രവേശന പരീക്ഷാ കമ്മീഷണർ കേന്ദ്രീകൃത അലോട്ട്മെന്റ് നടത്തുന്നത്.

**11.2** പ്രവേശന പരീക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുള്ള സീറ്റുകളിലേക്ക് ഓൺലൈൻ ആയി കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ (CAP) വഴിയാണ് അലോട്ട്മെന്റ് നടത്തുന്നത്.

**11.3** എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ബി.ഫാം, എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോ, സിദ്ധ, യുനാനി കോഴ്സുകൾ, കേരളാ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി നടത്തുന്ന അഗ്രിക്കൾച്ചർ, ഫോറസ്ട്രി, ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി കോഴ്സുകൾ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നടത്തുന്ന വെറ്റിനറി & ആനിമൽ സയൻസ്, ഡയറി ടെക്നോളജി, ഫുഡ് ടെക്നോളജി കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് നടത്തുന്ന ഫിഷറീസ്, ഫുഡ് ടെക്നോളജി കോഴ്സ് എന്നിവയിലെ സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടു ചെയ്യുന്നതാണ്.

### 11.4 ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ :

**11.4.1** പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ബി.ഫാം, എം.ബി.ബി. എസ്/ബി.ഡി.എസ്,ബി.എച്ച്.എം.എസ്/ബി.എസ്.എം.എസ്/ബി.യു.എം.എസ്/അഗ്രികൾച്ചർ/വെറ്ററിനറി/

ഫോറസ്ട്രി/ഫിഷറീസ് കോഴ്സുകൾ, ആയുർവേദം എന്നിവയുടെ റാങ്ക് ലിസ്റ്റുകളിൽ ഉള്ള വിദ്യാർത്ഥികൾ അവരുടെ സ്ട്രീമിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്. (വകുപ്പ് 11.5 കാണുക)

**11.4.2 ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം :**

www.cee.kerala.gov.in എന്ന വെബ് സൈറ്റിലൂടെ മാത്രമേ ഓപ്ഷൻ നൽകാൻ സാധിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുള്ളിൽ ഒന്നോ അതിലധികമോ സ്ട്രീമുകളിൽ (അവരവരുടെ യോഗ്യതയനുസരിച്ച്) മേൽപ്പറഞ്ഞ വെബ് സൈറ്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ കോഴ്സുകളിലേക്കും കോളേജുകളിലേക്കും ഓപ്ഷൻ നൽകുന്ന വിധം വകുപ്പ് 11.5 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഫാക്സ്, തപാൽ, നേരിട്ടുള്ള കൈമാറൽ എന്നിവ വഴി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് കിട്ടുന്ന യാതൊരു ഓപ്ഷനും അലോട്ടുമെന്റിന് പരിഗണിക്കുന്നതല്ല.

**11.4.3 ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം :**

ഇന്റർനെറ്റ് സൗകര്യം ലഭ്യമായ ഏതൊരു കമ്പ്യൂട്ടറിൽ നിന്നും നിശ്ചിത സമയ പരിധിക്കുള്ളിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇന്റർനെറ്റ് സൗകര്യം സ്വന്തമായി ലഭിക്കാത്ത വിദ്യാർത്ഥികൾക്ക്, സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററിലൂടെ (FC) ഓപ്ഷനുകൾ സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫെസിലിറ്റേഷൻ സെന്ററുകളുടെ ലിസ്റ്റ് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

**11.4.4 ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയ പരിധി :**

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ മാത്രമേ ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. സമയ പരിധിയെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചുമുള്ള കാര്യങ്ങൾ വിവിധയിനം മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥിക്ക് പിന്നീട് അതിന് അവസരം ലഭിക്കുകയില്ല. **ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥിയെ യാതൊരു കാരണവശാലും അലോട്ടുമെന്റിന് പരിഗണിക്കുന്നതല്ല. കൂടാതെ ഓപ്ഷൻ നൽകാൻവേണ്ട സമയ പരിധി ദീർഘിപ്പിക്കുവാനുള്ള അപേക്ഷ പരിഗണിക്കുന്നതല്ല.**

**11.4.5 വിവിധ റാങ്ക് ലിസ്റ്റിലുള്ളവർ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിധം :**

ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതാണ്. വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥി ആവശ്യമുള്ള എല്ലാ കോഴ്സുകളും ഉൾപ്പെടുത്തി ഓപ്ഷൻ നൽകിയാൽ മതിയാകും. ഉദാഹരണത്തിന്, എഞ്ചിനീയറിംഗിലും മെഡിക്കൽ സ്ട്രീമിലും റാങ്കുള്ള വിദ്യാർത്ഥിക്ക്, ഇവ രണ്ടുംകൂടി ഒരുമിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓരോ പ്രത്യേക സ്ട്രീമിലേക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാൻ പ്രത്യേക സമയ പരിധി ഉണ്ടായിരിക്കുകയില്ല. ഓപ്ഷൻ നൽകാനുള്ള സമയ പരിധി ഒരു കാരണവശാലും ദീർഘിപ്പിക്കുന്നതല്ല.

**11.4.6 ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനുള്ള യോഗ്യത :**

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന KEAM-2019 റാങ്ക് ലിസ്റ്റുകളിലുള്ളവർക്കു മാത്രമേ ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇതുകൂടാതെ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് നേറ്റിവിറ്റി (ക്ലോസ് 6.1), വിദ്യാഭ്യാസ യോഗ്യത (ക്ലോസ് 6.2), വയസ്സ് (ക്ലോസ് 6.3) മുതലായവയും പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം ഉണ്ടായിരിക്കണം. വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടുന്ന ദിവസം വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

പ്രവേശന സമയത്ത് വിദ്യാർത്ഥിയുടെ യോഗ്യതയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ശരിയാണോ എന്ന് ഉറപ്പുവരുത്തേണ്ടത് പ്രിൻസിപ്പലിന്റെ/ സ്ഥാപനത്തിന്റെ തലവന്റെ വ്യക്തിപരമായ ചുമതലയാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളിൽ പ്രോസ്പെക്ടസ് വ്യവസ്ഥകളനുസരിച്ച് യോഗ്യതയുള്ളവർക്കു മാത്രമേ കോളേജിൽ/ സ്ഥാപനത്തിൽ പ്രവേശനം നൽകാവൂ.

**11.4.7 ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ അത്യാവശ്യമുള്ള കാര്യങ്ങൾ :**

റോൾ നമ്പർ, ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ വിദ്യാർത്ഥി അത്യാവശ്യമായി അറിഞ്ഞിരിക്കണം. എന്നാൽ മാത്രമേ വെബ് സൈറ്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

* * *

**11.5.10 ട്രയൽ അലോട്ട്മെന്റ് :**

വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിലേക്ക് പ്രവേശനം ലഭിക്കാനുള്ള സാദ്ധ്യത മനസ്സിലാക്കുന്നതിനു വേണ്ടി ആദ്യ അലോട്ട്മെന്റിനു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർ ട്രയൽ അലോട്ട്മെന്റ് നടത്തി വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ട്രയൽ അലോട്ട്മെന്റ് വഴി ലഭിച്ചതായിട്ടുള്ള കോഴ്സോ, കോളേജോ അപേക്ഷാർത്ഥിക്ക് ലഭിക്കുമെന്ന് ഇത് അർത്ഥമാക്കുന്നില്ല.

**11.6 ഓപ്ഷൻ പ്രോസസ്സ് ചെയ്യുന്നതും അലോട്ടുമെന്റും**

**11.6.1 അലോട്ട്മെന്റ് ഷെഡ്യൂൾ :** ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനുള്ള സമയ പരിധി കഴിഞ്ഞയുടൻ ഓപ്ഷനുകൾ പ്രോസസ്സ് ചെയ്ത് അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, അലോട്ട് ചെയ്ത കോഴ്സ്, കോളേജ്, അടയ്ക്കേണ്ട ഫീസ് എന്നിവയുടെ വിവരങ്ങൾ ഉണ്ടായിരിക്കും. ഇതു സംബന്ധിച്ച വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണർ യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

**11.6.2 ഫീസ് ഒടുക്കുന്ന വിധം :** അലോട്ടുമെന്റ് ലഭിക്കുന്നവർ നിശ്ചിത ഫീസ് ഓൺലൈനായോ, കേരളത്തിലെ നിശ്ചയിച്ചിട്ടുള്ള പോസ്റ്റ് ഓഫീസ് ശാഖകളിലോ നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. ഫീസ് ഒടുക്കുമ്പോൾ അതിനുള്ള രസീത് ഓൺലൈൻ പേയ്മെന്റ് പേജിൽ നിന്നും/ബാങ്കിൽ നിന്നും ലഭിക്കുന്നതാണ്.

* * *

**11.6.4 ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ:** ആദ്യ അലോട്ട്മെന്റിനെ തുടർന്നുള്ള ഓരോ അലോട്ട്മെന്റിലും വിദ്യാർത്ഥികളുടെ നിലവിലുള്ള ഹയർ ഓപ്ഷനുകൾ പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ ഓരോ വിദ്യാർത്ഥിയും അവരുടെ ഓപ്ഷൻ രജിസ്ട്രേഷൻ പേജിൽ ലഭ്യമായ **'confirm'**ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്.ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് വിദ്യാർത്ഥികൾക്ക് അവരുടെ ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളുടെ ബന്ധപ്പെട്ട അലോട്ട്മെന്റിൽ പരിഗണിക്കപ്പെടുന്ന കോഴ്സുകളിലെ ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതാണ്. ഒരിക്കൽ റദ്ദാക്കപ്പെടുന്ന ഹയർ ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല. എന്നാൽ നിലവിലുള്ള അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതല്ല. * * *

**11.6.8(i)** ബഹു: സുപ്രീം കോടതി നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരം മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേക്ക് അതത് വർഷം ആഗസ്റ്റ് 31 നു ശേഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ പാടില്ല. ആയതിനാൽ 2019-20 അദ്ധ്യയനവർഷത്തിൽ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്ക് 2019 ആഗസ്റ്റ് 31 നു ശേഷം അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല.

**(ii)** 2019-20 അദ്ധ്യയനവർഷത്തിൽ ആയുർവ്വേദ, സിദ്ധ, യുനാനി കോഴ്സുകളിലേയ്ക്കുള്ള അലോട്ടുമെന്റ് 2019 സെപ്റ്റംബർ 30 നു ശേഷം ഉണ്ടായിരിക്കുന്നതല്ല. ഹോമിയോ കോഴ്സുകളിലേയ്ക്ക് 2019 സെപ്റ്റംബർ 30 ന് ശേഷം അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല.

**(iii)** 2012ലെ സിവിൽ അപ്പീൽ നമ്പർ 9047,9048 എന്നിവയിന്മേൽ ബഹു: സുപ്രീംകോടതി 13.12.2012 നു പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് എല്ലാ വർഷവും ആഗസ്റ്റ് 15നു മുൻപ് എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ പൂർത്തീകരിച്ചിരിക്കേണ്ടതാണ്. ആയതിനാൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് 2019 ആഗസ്റ്റ് 15നു ശേഷം അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല. അതുപോലെ ബി.ഫാം കോഴ്സിലേയ്ക്ക് 2019 ആഗസ്റ്റ് 15 ന് ശേഷം അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല.

**(iv)** എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ച കോളേജുകളിൽ മൂന്നാം ഘട്ട അലോട്ട് മെന്റിനുശേഷം നിർബന്ധമായും അഡ്മിഷൻ നേടേണ്ടതാണ്.

**11.6.9 സ്പോട്ട് അലോട്ട്മെന്റ്:-** കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയ അവസാനിച്ച ശേഷം ഒഴിവ് വരുന്ന സീറ്റുകളിലേക്ക് ഒരു സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. അതിലേയ്ക്കായി അതത് റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത ബന്ധപ്പെട്ട സർക്കാർഉത്തരവുകളിലെ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട കോടതികളുടെയും ബന്ധപ്പെട്ട കേന്ദ്ര കൗൺസിലുകളുടെയും ഉത്തരവുകൾക്കും വിധേയമായിരിക്കും. എഞ്ചിനീയറിംഗ് കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധം II(1)(b)-ൽ കൊടുത്തിട്ടുണ്ട്. സ്പോട്ട് അലോട്ട്മെന്റ്/അഡ്മിഷൻ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നതാണ്.

* * *

**11.7.1 അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ :**

(a) ബന്ധപ്പെട്ട പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
(b) ജനനത്തീയതി തെളിയിക്കാനുള്ള ഒറിജിനൽ രേഖ.
(c) വിടുതൽ സർട്ടിഫിക്കറ്റ് (TC), സ്വഭാവ സർട്ടിഫിക്കറ്റ്.
(d) യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്.
(e) കേരളത്തിനു പുറത്തുനിന്നു CBSE, CISCE എന്നിവയല്ലാത്ത വിദ്യാഭ്യാസയോഗ്യത നേടിയ അപേക്ഷകർ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നു നേടിയ യോഗ്യതാതുല്യതയുടെയോ അംഗീകാരത്തിന്റെയോ സർട്ടിഫിക്കറ്റുകൾ.
(f) മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
(g) ശാരീരിക ക്ഷമത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ (ബാധകമെങ്കിൽ).
(h) ഫീസ് അടച്ച രസീത്.
(i) KEAM 2019 ഡാറ്റാ ഷീറ്റ്
(j) അലോട്ട്മെന്റ് മെമ്മോ.

(k) അലോട്ട്മെന്റ് വിജ്ഞാപനത്തിൽ സൂചിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും രേഖകൾ.
(l) ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്ത രേഖകൾ/സർട്ടിഫിക്കറ്റ്
(m) കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ്/ബാക്കി തുക *** 

| |
|---|
| **വിദ്യാർത്ഥിയുടെ പാസ്സ്‌വേഡ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥി സ്ഥാപനത്തിൽ നൽകാൻ പാടില്ല.** |

**11.8 സീറ്റുകളുടെ വിതരണവും, കോഴ്സിന്റെയും കോളേജിന്റെയും തെരഞ്ഞെടുപ്പും അലോട്ടുമെന്റും :**

സർക്കാർ/എയ്ഡഡ് കോളേജുകളിൽ പ്രവേശനത്തിനും മാൻഡേറ്ററി സീറ്റുകളുടെ അലോട്ട്മെന്റിനും സംസ്ഥാന വ്യാപകമായ ഒരു തെരഞ്ഞെടുപ്പു രീതിയാണ് അവലംബിക്കുന്നത്. അതനുസരിച്ച് ഒരു പ്രത്യേക കോഴ്സിന് സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലും ആകെയുള്ള ഗവണ്മെന്റ് സീറ്റുകളുടെ എണ്ണം കണക്കാക്കും. അതിനെ ക്ലോസ് 4.1.5 ൽ പറയുന്ന നിർദ്ദേശാനുസൃത സംവരണ സിദ്ധാന്തപ്രകാരം സംസ്ഥാന വ്യാപകമായി വിവിധ കോഴ്സുകളിലേക്ക് സീറ്റ് വിതരണം ചെയ്യും. ഇത്തരത്തിൽ സംസ്ഥാന വ്യാപകമായി വിതരണം നടത്തുമ്പോൾ, സംവരണതത്വങ്ങളനുസരിച്ചുള്ള ഓരോ കോളേജിലെയും ഓരോ കോഴ്സിനുമുള്ള സീറ്റുകൾ സംരക്ഷിക്കപ്പെടുന്നതാണ്.

അപേക്ഷകന്റെ റാങ്കും സീറ്റ് ലഭ്യതയും അടിസ്ഥാനമാക്കിയാണ് ഏതെങ്കിലും കോഴ്സിലേക്ക്/കോളേജിലേക്ക് വിദ്യാർത്ഥിയെ അലോട്ടു ചെയ്യുന്നത്. മാൻഡേറ്ററി സീറ്റുകളിലെ പ്രവേശനം നടത്തുന്നതിനുള്ള നടപടിക്രമം 07.10.1998ലെ G.O.(Ms)No.122/98/H.Edn, പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഗവണ്മെന്റ് ഉത്തരവനുസരിച്ച്, സ്വാഭാവികമായും ഓപ്പൺ മെരിറ്റ് ലിസ്റ്റിൽ വരാനിടയുള്ള സംവരണ വിഭാഗത്തിൽപ്പെട്ട അപേക്ഷകനെ അയാളുടെ ഇഷ്ടാനുസരണമുള്ള കോളേജിലേക്ക് അലോട്ട് ചെയ്യാം. പക്ഷേ, അയാൾ സംവരണ ക്വാട്ടയിലുൾപ്പെട്ട അപേക്ഷകനായി പരിഗണിക്കപ്പെടുകയാണെങ്കിൽ ആ കോളേജിൽ അയാൾക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കണം. മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം കിട്ടാനർഹതയുള്ള സംവരണ വിഭാഗത്തിലുൾപ്പെട്ട ഒരപേക്ഷകന് സംവരണ വിഭാഗത്തിനു വേണ്ടി ഒരു നിശ്ചിത എണ്ണം സീറ്റുകൾ നീക്കിവച്ചിട്ടുള്ള കോളേജുകളിൽ പ്രവേശനം നേടാൻ അവകാശമുണ്ടെങ്കിലും, സംവരണത്തിന്റെ ശതമാനം കണക്കാക്കുമ്പോൾ അയാളെ സംവരണ വിഭാഗത്തിൽപെടുന്നവനായല്ല, പൊതുവിഭാഗത്തിലെ അപേക്ഷകനായാണ് പരിഗണിക്കുക. വികലാംഗ വിഭാഗം, പ്രത്യേക സംവരണം എന്നിവയിലെ സീറ്റ് അലോട്ടുമെന്റിന് ഈ തത്വം ബാധകമായിരിക്കില്ല. പ്രോസ്പെക്ടസ്സ് വ്യവസ്ഥയനുസരിച്ച്, അനുവദിക്കപ്പെട്ട സീറ്റുകൾ നിശ്ചിത കോളേജിൽ മാത്രമേ അനുവദിക്കുകയുള്ളു. ഓരോ കോളേജിലും ഓരോ കോഴ്സിനുമുള്ള സീറ്റുകളുടെ എണ്ണമനുസരിച്ചാണ് വിദ്യാർത്ഥികളെ അലോട്ടു ചെയ്യുന്നത്. പക്ഷേ മുകളിൽ സൂചിപ്പിച്ച തെരഞ്ഞെടുപ്പു തത്വത്തിന്റെ അടിസ്ഥാനത്തിൽ ചില കോളേജുകളിൽ അലോട്ടുമെന്റിനുള്ള സീറ്റുകളുടെ വിതരണത്തിൽ മാറ്റം വരാം. ***

**12.2.4 ലിക്വിഡേറ്റഡ് ഡാമേജസ്**

**(a) പഠനം ഇടയ്ക്കുവച്ച് നിർത്തി പോകുന്ന വിദ്യാർത്ഥികളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നത് സംബന്ധിച്ച് :**

(i) സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സർക്കാർ സീറ്റിൽ പ്രവേശനം നേടിയ MBBS/BDS വിദ്യാർത്ഥികൾ, അതേ അദ്ധ്യയന വർഷത്തിൽ പ്രവേശന നടപടികൾ പൂർത്തിയായതിനുശേഷം, മറ്റു കോഴ്സ്/ കോളേജുകളിൽ ചേരാനായോ മറ്റാവശ്യങ്ങൾക്കായോ ഇടയ്ക്ക് വച്ച് പഠനം നിർത്തിയാൽ MBBS കോഴ്സിന് 10,00,000/- (പത്ത് ലക്ഷം) രൂപയും, BDS കോഴ്സിന് 5,00,000/- (അഞ്ച് ലക്ഷം) രൂപയും, AICTE അംഗീകാരമുള്ള(AICTE അംഗീകൃത പ്രോസസ് ഹാന്റ്ബുക്ക് 2019-20 പ്രകാരം)കോഴ്സുകൾ ഒഴികെയുള്ള മറ്റ് കോഴ്സുകളിലെ വിദ്യാർത്ഥികൾ 75,000/- രൂപയും ലിക്വിഡേറ്റഡ് ഡാമേജസ് ആയി നൽകാൻ ബാദ്ധ്യസ്ഥരാണ്. ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയാൽ മാത്രമേ മേൽപറഞ്ഞ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളേയും, 75,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, 2019-ൽ ഓൺലൈനായി വരുമാന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തിട്ടുള്ള കേരളീയരായ വിദ്യാർത്ഥികളേയും (clause 6.1(i)) ഈ നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. യൂണിവേഴ്സിറ്റി നടപടിക്രമമനുസരിച്ച്, ഒരു സ്ഥാപനത്തിൽ നിന്നും മറ്റൊരു സ്ഥാപനത്തിലേക്ക് മാറിപോകുന്ന വിദ്യാർത്ഥികളേയും ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ/മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ നാഷണൽ ഡിഫൻസ് അക്കാഡമി/നേവൽ അക്കാഡമി/മറ്റു ഡിഫൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ സ്ഥാപനങ്ങളിൽ ചേരുന്നതിന് വേണ്ടി കോഴ്സിന്റെ ഏതെങ്കിലും ഘട്ടത്തിൽ പഠനം ഇടക്കുവച്ച് നിർത്തിപോയാൽ അത്തരം വിദ്യാർത്ഥികൾ ലിക്വിഡേറ്റഡ് ഡാമേജസ് അടക്കേണ്ടതില്ല. ഒരു കോഴ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥി, പ്രവേശനം അവസാനിപ്പിക്കേണ്ട തീയതിക്കു മുമ്പായി വിടുതൽ വാങ്ങിപ്പോവുകയും, പ്രസ്തുത സീറ്റിൽ മറ്റൊരു വിദ്യാർത്ഥി പ്രവേശനം നേടുകയും ചെയ്യുന്ന സാഹചര്യത്തിൽ, വിടുതൽ വാങ്ങിപ്പോയ വിദ്യാർത്ഥിക്ക് അടച്ച ഫീസിൽ 1000/- രൂപ കിഴിച്ച് ബാക്കി തുകയും, വിടുതൽ സർട്ടിഫിക്കറ്റും തിരികെ നൽകാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

(ii) സർക്കാർ/സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ സർക്കാർ സീറ്റുകളിലും, സർക്കാർ നിയന്ത്രിത മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾ പ്രവേശന നടപടികൾ പൂർത്തിയായതിന് ശേഷം അതേ വർഷം തന്നെ പഠനം ഇടക്കുവച്ച് നിർത്തിപോവുകയാണെങ്കിൽ MBBS കോഴ്സിന് പത്തുലക്ഷം രൂപയും, BDS കോഴ്സിന് അഞ്ച് ലക്ഷം രൂപയും ലികിഡേറ്റഡ് ഡാമേജസ് ആയി നൽകാൻ ബാധ്യസ്ഥരാണ്. കൂടാതെ അത്തരം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ തുടർന്നുള്ള രണ്ട് വർഷത്തേക്ക് ഉൾപ്പെടുത്തുന്നതുമല്ല. ഈ നിബന്ധനയിൽ നിന്നും വാർഷിക കുടുംബ വരുമാനം 75,000/- രൂപയിൽ താഴെയുള്ള കേരളീയരായ വിദ്യാർത്ഥികൾ, സാമുദായിക സംവരണത്തിന് അർഹതയുള്ളവർ, തുടങ്ങി ആരേയും ഒഴിവാക്കിയിട്ടില്ല. പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും റവന്യൂറിക്കവറി നിയമപ്രകാരം പിഴ ഈടാക്കുന്നതായിരിക്കും.

**(b) ആദ്യ അദ്ധ്യയന വർഷത്തിനുശേഷം ഏതെങ്കിലും കോഴ്സിൽ നിന്നും പഠനം നിർത്തി പോവുകയാണെങ്കിൽ താഴെ പറയുന്ന രീതിയിൽ ലികിഡേറ്റഡ് ഡാമേജസ് നൽകേണ്ടതാണ് :**

(i) സർക്കാർ/എയ്ഡഡ് കോളേജുകളിലെ സർക്കാർ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ മുകളിൽ പറഞ്ഞിരിക്കുന്ന Sub clause 12.2.4 (a)(i), (a)(iii) അനുസരിച്ച് ലികിഡേറ്റഡ് ഡാമേജസ് നൽകേണ്ടതാണ്. ഈ നിബന്ധനയിൽ നിന്നും വാർഷിക കുടുംബ വരുമാനം 75,000/- രൂപയിൽ താഴെയുള്ള കേരളീയരായ വിദ്യാർത്ഥികൾ, സാമുദായിക സംവരണത്തിന് അർഹതയുള്ളവർ, തുടങ്ങി ആരേയും ഒഴിവാക്കിയിട്ടില്ല.

(ii) സ്വകാര്യ സ്വാശ്രയ കോളേജുകളിലേയും സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലേയും സർക്കാർ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ മുകളിൽ പറഞ്ഞിരിക്കുന്ന Sub clause 12.2.4 (a) (i), (a)(iii) അനുസരിച്ചുള്ള തുകയോ അല്ലെങ്കിൽ ശേഷിക്കുന്ന വർഷങ്ങളിലെ ഫീസോ, ഏതാണോ കൂടുതൽ ആ തുക ലികിഡേറ്റഡ് ഡാമേജസ് ആയി നൽകേണ്ടതാണ്. ഈ നിബന്ധനയിൽ നിന്നും വാർഷിക കുടുംബ വരുമാനം 75,000/- രൂപയിൽ താഴെയുള്ള കേരളീയരായ വിദ്യാർത്ഥികൾ, സാമുദായിക സംവരണത്തിന് അർഹതയുള്ളവർ, തുടങ്ങി ആരേയും ഒഴിവാക്കിയിട്ടില്ല.

(iii) സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകളിൽ പഠനം നിർത്തി പോകുന്ന വിദ്യാർത്ഥികൾ, ശേഷിക്കുന്ന വർഷങ്ങളിലെ ഫീസ് ലികിഡേറ്റഡ് ഡാമേജസ് ആയി നൽകേണ്ടതാണ്. ഈ നിബന്ധനയിൽ നിന്നും വാർഷിക കുടുംബ വരുമാനം 75,000/- രൂപയിൽ താഴെയുള്ള കേരളീയരായ വിദ്യാർത്ഥികൾ, സാമുദായിക സംവരണത്തിന് അർഹതയുള്ളവർ, തുടങ്ങി ആരേയും ഒഴിവാക്കിയിട്ടില്ല.

(iv) സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിടുതൽ നേടുന്ന വിദ്യാർത്ഥികൾ AICTE നിബന്ധനകൾ പ്രകാരം ലികിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല.

**(c) അന്തിമഘട്ട അലോട്ടുമെന്റിൽ അനാവശ്യമായി ഓപ്ഷൻ ഫയൽ ചെയ്യുന്നതിനും നിലനിർത്തുന്നതിനും പിഴ ഈടാക്കുന്നതാണ്** : അനാവശ്യമായി ഓപ്ഷൻ ഫയൽ ചെയ്യുന്ന/നിലനിർത്തുന്ന വിദ്യാർത്ഥികൾക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ അന്തിമഘട്ട അലോട്ടുമെന്റ് പ്രകാരം ഏതെങ്കിലും കോഴ്സ്/കോളേജിൽ അലോട്ടുമെന്റ് ലഭിക്കുകയും എന്നാൽ പ്രവേശനം നേടാത്തതു കാരണം സർക്കാർ സീറ്റ്/പ്രവേശനപരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന മാനേജ്മെന്റ് സീറ്റ് നഷ്ടപ്പെടുത്തുകയും ചെയ്യുന്ന പക്ഷം, പ്രസ്തുത വിദ്യാർത്ഥികൾ പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. MBBS കോഴ്സിന്റെ സീറ്റുകൾ നഷ്ട പ്പെടുത്തിയാൽ 10 (പത്ത്) ലക്ഷം രൂപയും, BDS കോഴ്സിന്റെ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ 5 (അഞ്ച്) ലക്ഷം രൂപയും, മറ്റ് കോഴ്സുകളുടെ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ 50,000 രൂപയുമായിരിക്കും പിഴ. ഈ നിബന്ധനയിൽ നിന്നും വാർഷിക കുടുംബ വരുമാനത്തിന്റെയോ സാമുദായിക സംവരണത്തിന്റെയോ അടിസ്ഥാനത്തിൽ ആരെയും ഒഴിവാക്കിയിട്ടില്ല. കൂടാതെ, ഈ വിദ്യാർത്ഥികളുടെ പരീക്ഷാർത്ഥിത്വവും റദ്ദു ചെയ്യുന്നതായിരിക്കും. പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും റവന്യൂറിക്കവറി നിയമപ്രകാരം പിഴ ഈടാക്കുന്നതായിരിക്കും. കൂടാതെ അത്തരം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ തുടർന്നുള്ള രണ്ട് വർഷത്തേക്ക് ഉൾപ്പെടുത്തുന്നതുമല്ല.

## അനുബന്ധം - XXI

## കേന്ദ്രീകൃത അലോട്ട്മെന്റ്

(See Clause 11)

## ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനുള്ള നടപടി ക്രമങ്ങൾ

### പ്രൊഫഷണൽ കോഴ്സ് പ്രവേശനം 2019 : സീറ്റ് അലോട്ട്മെന്റ് നടപടിക്രമം

പ്രവേശന പരീക്ഷാകമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ വിവിധ കോഴ്സുകളിലേയ്ക്ക് ഒരു കേന്ദ്രീകൃത ഓൺലൈൻ അലോട്ടുമെന്റ് നടത്തുന്നതായിരിക്കും. ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ച് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഓപ്ഷനുകൾ സ്വീകരിച്ച് അലോട്ട്മെന്റ് നൽകുന്ന സംവിധാനമാണ് ഇത്. www.cee.kerala.gov.in എന്ന വെബ്സൈറ്റുവഴി ഓപ്ഷൻ സമർപ്പിക്കുന്ന നടപടിയാണ് ഈ സംവിധാനത്തിലെ ആദ്യ ഘട്ടം. റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥി ആ വെബ്സൈറ്റിലേക്ക് ആദ്യം കടക്കേണ്ടതുണ്ട്. ഇതിനായി ഇന്റർനെറ്റ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. വെബ്സൈറ്റിൽ കയറുമ്പോൾ കാണുന്ന പേജിലെ KEAM 2019- Candidate Portal എന്ന ലിങ്ക് വഴി ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേഡ് എന്നിവ നൽകി Candidate Portal-ൽ കടന്ന് അവിടെ നിന്നും Option Registration എന്ന ലിങ്ക് വഴി Option Registration Page-ലേയ്ക്ക് കടക്കണം. വിദ്യാർത്ഥിയെ സംബന്ധിക്കുന്ന ഈ മൂന്ന് വിവരങ്ങളും കൃത്യമായി നൽകിയെങ്കിൽ മാത്രമേ Option Registration Page-ൽ കടന്ന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ സാധിക്കൂ.

പാസ്‌വേർഡ് സുരക്ഷിതമായി സൂക്ഷിക്കേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്. അവ സുഹൃത്തുക്കൾക്കോ മറ്റുള്ളവർക്കോ കൈമാറിയാൽ അവർ അത് ദുരുപയോഗപ്പെടുത്തി അപേക്ഷകന്റെ പേജിൽ കടന്ന് ഓപ്ഷനുകൾ, റദ്ദാക്കാനോ, മാറ്റുവാനോ സാദ്ധ്യതയുണ്ട്. ഇക്കാരണങ്ങളാൽ പാസ്‌വേർഡ് എത്രയും സുരക്ഷിതമായി സൂക്ഷിക്കുവാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷകന്റെ പിഴവുമൂലം ഇവ മറ്റുള്ളവർക്കു ലഭിക്കുകയും മറ്റുള്ളവർ ദുരുപയോഗം ചെയ്യുകയുമാണെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറോ സർക്കാരോ അതിന് ഉത്തരവാദിയായിരിക്കുകയില്ല. പാസ്‌വേർഡ് നൽകിയശേഷം ഓപ്ഷനുകൾ രേഖപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ വിദ്യാർത്ഥിയുടെ മുന്നിൽ തെളിയുന്നതാണ്.

ഓപ്ഷനുകൾ രേഖപ്പെടുത്താനുള്ള സംവിധാനത്തിൽ കോഴ്സ് അനുസരിച്ചുള്ള ഓപ്ഷനുകൾ വിദ്യാർത്ഥിയുടെ മുന്നിൽ തെളിയുന്നു. ഓരോ ഓപ്ഷനിലും വിദ്യാർത്ഥിയുടെ താത്പര്യക്രമം രേഖപ്പെടുത്താൻ സൗകര്യം ലഭിക്കും. വിവിധ കോഴ്സുകൾ ലഭ്യമായിട്ടുള്ള കോളേജുകളുടെ ലിസ്റ്റ് വിദ്യാർത്ഥിക്ക് മുന്നിൽ തെളിയുന്നു. അതിൽ താത്പര്യമനുസരിച്ച് മുൻഗണനാക്രമം രേഖപ്പെടുത്താം. ഇത് എങ്ങനെ രേഖപ്പെടുത്തണമെന്ന് വ്യക്തമാക്കുന്ന വിശദാംശങ്ങൾ ബന്ധപ്പെട്ട പേജിൽ ലഭിക്കുന്നതാണ്. നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ ക്രമം രേഖപ്പെടുത്തേണ്ടതാണ്. ഒരു സ്ട്രീമിൽ മാത്രം ഓപ്ഷൻ രേഖപ്പെടുത്താൻ അർഹതയുള്ള വിദ്യാർത്ഥിക്ക് ആ സ്ട്രീമിലെ ഓപ്ഷനുകൾ പേജിൽ ലഭ്യമാക്കുന്നതാണ്. ഒന്നിൽ കൂടുതൽ സ്ട്രീമിൽ ഓപ്ഷൻ സമർപ്പിക്കാൻ അർഹതയുള്ള വിദ്യാർത്ഥിക്ക് അർഹതയുള്ള എല്ലാ ഓപ്ഷനുകളും കാണാവുന്നതാണ്.

വെബ്സൈറ്റിൽ ഓപ്ഷൻ രേഖപ്പെടുത്തുന്നതിനു മുമ്പായി തന്റെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിലേക്ക്, കോഴ്സുകളുടെയും, കോളേജുകളുടെയും കോഡുകൾ അടങ്ങിയ ലിസ്റ്റിന്റെ പ്രിന്റൗട്ട് സൈറ്റിൽ നിന്നെടുത്ത് മുൻഗണ നാക്രമം അതിൽ രേഖപ്പെടുത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താം. വിദ്യാർത്ഥി രേഖപ്പെടുത്തുന്ന ഓപ്ഷന്റെ പ്രിന്റൗട്ടും വെബ്സൈറ്റിൽ നിന്നെടുക്കാം. അതിനുശേഷം വിദ്യാർത്ഥി നിർബന്ധമായും ഓപ്ഷൻ രജിസ്ട്രേഷൻ പേജിൽ നിന്നും ലോഗ്ഔട്ട് (Logout) ചെയ്യേണ്ടതാണ്.

ഓപ്ഷനുകൾ രേഖപ്പെടുത്താൻ നിശ്ചിത സമയപരിധി അനുവദിക്കുന്നതാണ്. ഈ കാലയളവിൽ വിദ്യാർത്ഥിക്ക് ഒരിക്കൽ രേഖപ്പെടുത്തിയ ഓപ്ഷനുകൾ മാറ്റാൻ അവസരം ലഭിക്കും. പുതിയവ ചേർക്കാനും ഇഷ്ടപ്പെടാത്തത് ഒഴിവാക്കാനും, മുൻഗണനാ ക്രമം മാറ്റാനും ഈ കാലയളവിൽ അവസരമുണ്ടായിരിക്കും. പക്ഷെ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞാൽ യാതൊരു മാറ്റവും അനുവദിക്കില്ല. പ്രവേശന സമയത്ത് വിദ്യാർത്ഥി, വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

**ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ :**

(i) തനിക്ക് ലഭിച്ചിരിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുവാൻ സാദ്ധ്യതയുള്ള കോഴ്സുകളും കോളേജുകളും സംബന്ധിച്ച് മുൻവർഷത്തെ റാങ്ക് നില (Last Rank Details) പരിശോധിച്ച് ഒരു ധാരണ രൂപപ്പെടുത്തുക.

(ii) അലോട്ടുമെന്റ് ലഭിച്ചാൽ സ്വീകരിക്കുമെന്നുറപ്പുള്ള കോഴ്സുകളിലേക്കും കോളേജുകളിലേക്കും മാത്രം ഓപ്ഷൻ നൽകുക.

(iii) അലോട്ടുമെന്റ് ലഭിച്ചാൽ പ്രവേശനം എടുക്കുവാൻ താത്പര്യമില്ലാത്ത കോഴ്സുകളിലേക്കും കോളേജുകളിലേക്കും ഓപ്ഷൻ നൽകാതിരിക്കുക.

(iv) അലോട്ട്മെന്റിനുശേഷം കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ, വിജ്ഞാപനമനുസരിച്ചുള്ള സമയപരിധിക്കുള്ളിൽ ഫീസ് അടയ്ക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ നിർദ്ദേശാനുസരണം ഹാജരായി അഡ്മിഷൻ നേടേണ്ടതുമാണ്.

(v) പ്രവേശന പരീക്ഷാ കമ്മീഷണറുടെ വിജ്ഞാപനമനുസരിച്ച്, അലോട്ട്മെന്റ് ലഭിച്ചതിനുശേഷം നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് ഒടുക്കാതിരിക്കുകയോ, ഫീസ് ഒടുക്കിയതിനുശേഷം കോളേജിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അഡ്മിഷൻ നേടാതിരിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും, ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്. ഒരിക്കൽ റദ്ദാകുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ വ്യവസ്ഥകളും സംവരണ തത്വങ്ങളും പാലിച്ച് വിദ്യാർത്ഥികൾക്ക് അലോട്ടുമെന്റ് നൽകും. അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥി നിശ്ചിത സമയ പരിധിക്കുള്ളിൽ തനിക്ക് ലഭിച്ച കോഴ്സിന് ബാധകമായ ഫീസ് ഓൺലൈനായോ, നിശ്ചിത ബാങ്ക് ശാഖയിലോ (ലിസ്റ്റ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്) ഒടുക്കി അലോട്ടുമെന്റ് ഉറപ്പാക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റ് നഷ്ടപ്പെടുന്നതും, ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്. ഒരിക്കൽ റദ്ദാകുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല. പിന്നീടുള്ള അലോട്ടുമെന്റിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫീസ് അടയ്ക്കേണ്ടവർ ആ തുകയും, ആദ്യമായി അലോട്ടുമെന്റ് ലഭിച്ചവർ ബാധകമായ ഫീസും നിശ്ചിത തീയതിക്കകം ബാങ്കിൽ അടയ്ക്കേണ്ടതാണ്. ലഭിച്ച അലോട്ടുമെന്റിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ട്രീമിലുമുള്ള വിദ്യാർത്ഥികളും നിശ്ചിത തീയതിയിൽ കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആവശ്യമായ എല്ലാ രേഖകളും പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്. പ്രവേശന സമയത്ത് കോളേജ് പ്രിൻസിപ്പൽ വിദ്യാഭ്യാസ യോഗ്യത പരിശോധിക്കുന്നതായിരിക്കും. യോഗ്യത ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നതല്ല. അവരുടെ അലോട്ടുമെന്റ് റദ്ദുചെയ്യപ്പെടുന്നതാണ്. നിശ്ചിത തീയതിക്കകം ഫീസ് അടച്ച വിദ്യാർത്ഥിക്ക് അവശേഷിക്കുന്ന തന്റെ ഓപ്ഷനുകൾ (ലഭിച്ച ഓപ്ഷന്റെ മുകളിലുള്ളവ) നിലനിർത്തുവാനോ പൂർണ്ണമായി റദ്ദു ചെയ്യുവാനോ ഒരു സ്ട്രീമിലെ ഏതാനും ചിലതുമാത്രം റദ്ദു ചെയ്യുവാനോ പുന:ക്രമീകരിക്കുവാനോ ക്ലോസ് 11.6.4 പ്രകാരമുള്ള ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് അവസരം ലഭിക്കുന്നതാണ്. ഇതിനും സമയ പരിധി ഉണ്ടായിരിക്കും. ആ സമയ പരിധിക്കു ശേഷം അടുത്ത അലോട്ട്മെന്റ് പ്രഖ്യാപിക്കും. അതിനാൽ ആദ്യ അലോട്ടുമെന്റിൽ തൃപ്തരായവർ മറ്റൊരു മാറ്റം ആഗ്രഹിക്കുന്നില്ലെങ്കിൽ ഈ കാലയളവിൽ അവശേഷിക്കുന്ന ഓപ്ഷനുകൾ റദ്ദു ചെയ്യേണ്ടതാണ്. റദ്ദു ചെയ്യുന്നില്ലെങ്കിൽ മാറ്റത്തിനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. <u>അങ്ങനെയൊരു മാറ്റം ലഭിച്ചാൽ നിർബന്ധമായും അത് സ്വീകരിക്കേണ്ടതാണ്. നേരത്തെ ലഭിച്ചിരുന്ന അലോട്ടുമെന്റ് നഷ്ടപ്പെടുകയും ചെയ്യും.</u>

ഓരോ അലോട്ടുമെന്റിനു ശേഷവും അടുത്ത അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനുള്ള ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ലഭിച്ച ഓപ്ഷനു മുകളിലുള്ള മറ്റ് ഓപ്ഷനുകൾ പുന:ക്രമീകരിക്കാനും റദ്ദാക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും. അലോട്ടുമെന്റ് മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയക്രമമനുസരിച്ച് വെബ്സൈറ്റിൽ കൊടുക്കുന്നതാണ്. അതനുസരിച്ച് വിദ്യാർത്ഥികൾ അഡ്മിഷൻ നടപടി ക്രമങ്ങൾ പൂർത്തിയാക്കണം.

ഈ പ്രക്രിയയിൽ പങ്കെടുക്കുന്നതിന് കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും അത്യന്താപേക്ഷിതമാണ്. ഈ സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ഇതിലേക്ക് സർക്കാർ ഒരുക്കുന്ന സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ സംവിധാനത്തെക്കുറിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുവാനും കമ്പ്യൂട്ടർ/ഇന്റർനെറ്റ് സൗകര്യം ലഭ്യമായ 'ഫെസിലിറ്റേഷൻ സെന്ററുകൾ' (FC) എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നതാണ്. സൗജന്യമായി ലഭിക്കുന്ന ഈ സൗകര്യം താത്പര്യമുള്ള വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്ന കോളേജിലെ പ്രിൻസിപ്പൽ നിയോഗിക്കുന്ന അദ്ധ്യാപകനായിരിക്കും കേന്ദ്രത്തിന്റെ മേൽനോട്ടം വഹിക്കുക. അദ്ദേഹത്തെ സഹായിക്കുവാനും വിദ്യാർത്ഥിക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും മറ്റ് അദ്ധ്യാപകരും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും കേന്ദ്രത്തിൽ ഉണ്ടായിരിക്കും. ഈ കേന്ദ്രത്തിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ നടപടിക്രമം ഇവർ വിശദമാക്കിക്കൊടുക്കുന്നതാണ്. വിദ്യാർത്ഥിക്ക് ആവശ്യമെങ്കിൽ ഓപ്ഷൻ രേഖപ്പെടുത്തുവാനുള്ള ഫാറം ആവശ്യപ്പെടാവുന്നതാണ്. അതിൽ ഓപ്ഷൻ ക്രമം രേഖപ്പെടുത്തിയശേഷം ആ രീതിയിൽ ഓപ്ഷൻ കമ്പ്യൂട്ടറിൽ രജിസ്റ്റർ ചെയ്യാൻ അവിടെയുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർ വിദ്യാർത്ഥിയെ സഹായിക്കുന്നതായിരിക്കും. ഓപ്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥിയുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് വിദ്യാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാർത്ഥി നേരിട്ടോ അവിടെ ലഭിച്ചേക്കാവുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ സഹായത്തോടെയോ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അലോട്ടുമെന്റ് പ്രഖ്യാപിക്കുന്ന ദിവസങ്ങളിലും, ഓപ്ഷൻ റദ്ദാക്കുവാൻ അനുവദിച്ചിട്ടുള്ള കാലയളവിലും ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായിരിക്കും. <u>വിദ്യാർത്ഥി പാസ്‌വേർഡ് മറ്റുള്ളവർക്ക് നൽകുവാൻ പാടുള്ളതല്ല.</u>

## ANNEXURE - XXII

**Undertaking from the Students as per the provisions of anti-ragging verdict by the Hon'ble Supreme Court of India**

*[See Clause 14.4]*

I, Mr./Ms. ………………..………………………., Roll No…………. Program: ………………….. student of …………………………….... do hereby undertake on this day …….……… Month ……………… year …………………, the following with respect to above subject and Office Order No : ……………………………….…

1) That I have read and understood the directives of the Hon'ble Supreme Court of India on anti-ragging and the measures proposed to be taken in the above references.
2) That I understand the meaning of Ragging and know that the ragging in any form is a punishable offence and the same is banned by the Court of Law.
3) That I have not been found or charged for my involvement in any kind of ragging in the past. However, I undertake to face disciplinary action/legal proceedings including expulsion from the Institute if the above statement is found to be untrue or the facts are concealed, at any stage in future.
4) That I shall not resort to ragging in any form at any place and shall abide by the rules/laws prescribed by the Courts, Govt. of India and Institute authorities for the purpose from time to time.

Signature of Student

I hereby fully endorse the undertaking made by my child/ward.

Signature of Mother/Father and or Guardian

Witness : …………………………………..

## IMPORTANT ABBREVIATIONS USED

| | |
|---|---|
| AICTE | All India Council for Technical Education |
| CAP | Centralised Allotment Process |
| CBSE | Central Board of Secondary Education |
| CEE | Commissioner for Entrance Examinations |
| CISCE | Council of Indian School Certificate Examination |
| COA | Council of Architecture |
| DCI | Dental Council of India |
| HSE | Higher Secondary Education |
| ICCR | Indian Council of Cultural Relations |
| KAU | Kerala Agricultural University |
| KEAM | Kerala Engineering Agriculture & Medical |
| KTU | APJ Abdul Kalam Technological University |
| KUFOS | Kerala University of Fisheries & Ocean Studies |
| KUHS | Kerala University of Health Sciences |
| KVASU | Kerala Veterinary & Animal Sciences University |
| MCI | Medical Council of India |
| NATA | National Aptitude Test in Architecture |
| NEET-UG | National Eligibility-cum-Entrance Test – Under Graduate |
| NTA | National Testing Agency |
| OEC | Other Eligible Community |
| OMR | Optical Mark Reading |
| PD | Persons with Disabilities |
| SC | Scheduled Caste |
| SEBC | Socially and Educationally Backward Classes |
| ST | Scheduled Tribe |
| TFW | Tuition Fee Waiver |
| VHSE | Vocational Higher Secondary Education |

# ANNEXURE- XXIII

*(See Clause 10.3.3)*

*Attention of Invigilator : At the end of exam., please fold at perforation and then tear.*

*Attention of Candidate : Please do not separate the pages of the Answer Sheet.*

**IMPORTANT : USE ONLY BLUE OR BLACK BALL – POINT PEN.**

**ORIGINAL**

## CANDIDATE'S DATA

**IMPORTANT**

1. Handle this sheet carefully.
2. Any error in filling this sheet may prejudice your selection.

First fill in the box ☐ and then mark the appropriate bubbles ◯ with pen.

1. Question Booklet Version Code*

*Must be same as that given in the Admit Card.*

☐ A1 ◯ A2 ◯ A3 ◯ A4 ◯

| 2. Roll No. | 3. Question Booklet Serial No.* |
|---|---|
| ☐☐☐☐☐☐ | ☐☐☐☐☐☐☐ |
| 0 0 0 0 0 0 | 0 0 0 0 0 0 0 |
| 1 1 1 1 1 1 | 1 1 1 1 1 1 1 |
| 2 2 2 2 2 2 | 2 2 2 2 2 2 2 |
| 3 3 3 3 3 3 | 3 3 3 3 3 3 3 |
| 4 4 4 4 4 4 | 4 4 4 4 4 4 4 |
| 5 5 5 5 5 5 | 5 5 5 5 5 5 5 |
| 6 6 6 6 6 6 | 6 6 6 6 6 6 6 |
| 7 7 7 7 7 7 | 7 7 7 7 7 7 7 |
| 8 8 8 8 8 8 | 8 8 8 8 8 8 8 |
| 9 9 9 9 9 9 | 9 9 9 9 9 9 9 |

4. Name of the Candidate

5. Roll No.

☐☐☐☐☐☐

6. Name of the Subject

On receipt of the Question Booklet, the candidate should ensure that the Version Codes printed in Admit Card and the Question Booklet are the same.

**7. CERTIFICATION**

Certified that the above entries are checked, found to be correct and the Version Codes printed in the Admit Card and the Question Booklet are the same.

Signature of Candidate

Signature of Invigilator

***IF A CANDIDATE TAMPERS WITH THE BARCODE. IT WILL BE TREATED AS MALPRACTICE***

**BAR CODE**

**ANSWERS**

**BAR CODE**

| No. | Options | No. | Options |
|---|---|---|---|
| 1 | A B C D E | 61 | A B C D E |
| 2 | A B C D E | 62 | A B C D E |
| 3 | A B C D E | 63 | A B C D E |
| 4 | A B C D E | 64 | A B C D E |
| 5 | A B C D E | 65 | A B C D E |
| 6 | A B C D E | 66 | A B C D E |
| 7 | A B C D E | 67 | A B C D E |
| 8 | A B C D E | 68 | A B C D E |
| 9 | A B C D E | 69 | A B C D E |
| 10 | A B C D E | 70 | A B C D E |
| 11 | A B C D E | 71 | A B C D E |
| 12 | A B C D E | 72 | A B C D E |
| 13 | A B C D E | 73 | A B C D E |
| 14 | A B C D E | 74 | A B C D E |
| 15 | A B C D E | 75 | A B C D E |
| 16 | A B C D E | 76 | A B C D E |
| 17 | A B C D E | 77 | A B C D E |
| 18 | A B C D E | 78 | A B C D E |
| 19 | A B C D E | 79 | A B C D E |
| 20 | A B C D E | 80 | A B C D E |
| 21 | A B C D E | 81 | A B C D E |
| 22 | A B C D E | 82 | A B C D E |
| 23 | A B C D E | 83 | A B C D E |
| 24 | A B C D E | 84 | A B C D E |
| 25 | A B C D E | 85 | A B C D E |
| 26 | A B C D E | 86 | A B C D E |
| 27 | A B C D E | 87 | A B C D E |
| 28 | A B C D E | 88 | A B C D E |
| 29 | A B C D E | 89 | A B C D E |
| 30 | A B C D E | 90 | A B C D E |
| 31 | A B C D E | 91 | A B C D E |
| 32 | A B C D E | 92 | A B C D E |
| 33 | A B C D E | 93 | A B C D E |
| 34 | A B C D E | 94 | A B C D E |
| 35 | A B C D E | 95 | A B C D E |
| 36 | A B C D E | 96 | A B C D E |
| 37 | A B C D E | 97 | A B C D E |
| 38 | A B C D E | 98 | A B C D E |
| 39 | A B C D E | 99 | A B C D E |
| 40 | A B C D E | 100 | A B C D E |
| 41 | A B C D E | 101 | A B C D E |
| 42 | A B C D E | 102 | A B C D E |
| 43 | A B C D E | 103 | A B C D E |
| 44 | A B C D E | 104 | A B C D E |
| 45 | A B C D E | 105 | A B C D E |
| 46 | A B C D E | 106 | A B C D E |
| 47 | A B C D E | 107 | A B C D E |
| 48 | A B C D E | 108 | A B C D E |
| 49 | A B C D E | 109 | A B C D E |
| 50 | A B C D E | 110 | A B C D E |
| 51 | A B C D E | 111 | A B C D E |
| 52 | A B C D E | 112 | A B C D E |
| 53 | A B C D E | 113 | A B C D E |
| 54 | A B C D E | 114 | A B C D E |
| 55 | A B C D E | 115 | A B C D E |
| 56 | A B C D E | 116 | A B C D E |
| 57 | A B C D E | 117 | A B C D E |
| 58 | A B C D E | 118 | A B C D E |
| 59 | A B C D E | 119 | A B C D E |
| 60 | A B C D E | 120 | A B C D E |

**** To be filled up on receipt of the Question Booklet.***

N0001

**PLEASE READ THE INSTRUCTIONS GIVEN AT THE BACK OF THE REAR PAGE.**

## LIST OF COURSES AVAILABLE UNDER SPECIAL RESERVATION CATEGORIES

*(See Clause 5.2)*

| Sl.No | Quotas | Codes | Course(s) under which reservation is available |
|---|---|---|---|
| i | Ex-serviceman/Son or daughter of Ex-serviceman | XS | ENGG, MBBS, BHMS, BAMS, B.Arch. |
| ii | Son/daughter of Serving Defence Personnel from Kerala | SD | ENGG, MBBS, BHMS, BAMS, B.Sc (Hons.) Agri., BVSc & A.H, B.Tech (Agri. Engg.), B.Arch. |
| iii | Son/daughter, or widows of those who have been in the Defence Services and who have lost their lives, including those missing in action and disabled in action either during war hostilities or in peace time circumstances of which are identical to activities during operational engagements. | DK | ENGG, MBBS, BDS, B.Sc(Hons.) Agri., BFSc, BVSc & A.H., B.Arch. |
| iv | Son/daughter or widows of Defence Personnel who died-in-harness | HR | ENGG, MBBS, BDS, B.Sc. (Hons.) Agri., BFSc, BVSc & A.H., B.Arch (In the event of non-availability of candidates mentioned under items (iii) |
| v | Son/daughter of Personnel serving in Paramilitary Forces, including CRPF, BSF, CISF, ITBSF | RP | ENGG., B.Arch. |
| vi | Jewish Community | JW | ENGG, MBBS, BDS, BVSc & AH, BFSc |
| vii | Degree/Diploma holders in MBBS / BHMS / DHMS | OA | BAMS |
| viii | Degree / Diploma holders in Ayurveda | DA | MBBS |
| ix | Degree / Diploma holders in Homoeopathy | DH | MBBS |
| x | Degree holders in MBBS / BAMS / BVSc & AH/ BSc (Hons.) Agri. / BFSc / BSc (Hons.) Forestry | OH | BHMS |
| xi | Nurses Allopathy | NQ | MBBS |
| xii | Nurses/Pharmacist (Homoeopathy) | NH | BHMS |
| xiii | Nurses Ayurveda | NY | BAMS |
| xiv | Son/daughter of Agriculturists | CA | B.Sc (Hons.) Agri., BVSc & AH |
| xv | Son/daughter of Farm Labourers | LG/LV/LF | B.Sc (Hons.) Agri., B.Sc (Hons.) Forestry, BVSc & AH, BFSc |
| xvi | Son/daughter of Fishermen | CF | BFSc |
| xvii | Scouts & Guides | SG | ENGG. |
| xviii | Agricultural Assistants/VHSE (Agri.) Holders/Diploma Holders in Agricultural Science | AG/VA/DG | B.Sc (Hons.) Agri. |
| xix | Livestock Inspectors/Farm Asst (Vety) | LS/FV | BVSc & AH, B.Tech Food Technology |
| xx | Diary Farm Instructors | DF | B. Tech. (Dairy Technology) |
| xxi | Sports Quota | SP | ENGG, MBBS, BDS, BHMS, BAMS, BVSc & AH, B.Sc (Hons.) Forestry, BSc (Hons.) Agri., BFSc, B.Tech (Dairy Technology), B.Tech (Agri., Engg.), B.Tech Food Technology |
| xxii | NCC Quota | CC | ENGG, MBBS, BDS, BHMS, BAMS, BVSc & AH., B.Arch. |
| xxiii | VHSE (Livestock Management) | LK | BVSc. & AH |
| xxiv | Diploma Holders(Laboratory Techniques & Poultry Production Programmes) | DP | BVSc. & AH |